കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഏലൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം.(എം.2)26/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 28/03/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഏലൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : ഏലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഇ.കെ.എം.(എം.2)26/2025 തീയ്യതി: 28/03/2025

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിനി.എം.വി	ജോയിന്റ് ഡയറക്ടർ	04-01-2025	18-01-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-01-2025	18-01-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പോളി.ടി.ഒ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ സജീവ് എൻ.എം, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈനി പി.എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജമീല ബിവി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ബെറ്റ്സി.സി.എക്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സുചിൽ എ.ഡി	ചെയർമാൻ	01-04-2023	31-03-2024
ശ്രീ സുഭാഷ്.പി.കെ	സെക്രട്ടറി	01-04-2023	21-06-2023
ശ്രീ മോസസ് വിജു.എൻ.എക്സ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	22-06-2023	02-07-2023
ശ്രീമതി കൃഷ്ണകുമാരി.പി.ബി	സെക്രട്ടറി	03-07-2023	16-03-2024
ശ്രീമതി ഷൈലജ.കെ.പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-03-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.യമുന.പി.ബി	അസിസ്റ്റന്റ് എൻജിനിയർ	01-04-2023	12-07-2023
ശ്രീമതി ഷൈലജ.കെ.പി	അസിസ്റ്റന്റ് എൻജിനിയർ	13-07-2023	31-03-2024
ശ്രീമതി അഞ്ജു മറിയം എബ്രഹാം	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി രാജി.കെ.ജി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ നിഷി.ടി.കാർനേത്ത്	സീനിയർ വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ നിഷിത.കെ.എസ്	ആയുർവേദ മെഡിക്കൽ ഓഫീസർ	01-04-2023	31-03-2024
ഡോ വിക്ടർ ജോസഫ് കൊറയ	മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്സി	01-04-2023	21-06-2023
ഡോ. സമിത പടിക്കൽ	മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്സി	22-06-2023	31-03-2024
ശ്രീമതി.ഷീന.കെ.വി	പ്രിൻസിപ്പാൾ,ജിഎച്ച്എസ്എസ്, ഏലൂർ	01-04-2023	31-03-2024
ശ്രീ.വിൽസൺ. എം.എക്സ്	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	19-07-2023
ഒഴിവ്	ഹെൽത്ത് സൂപ്പർവൈസർ	20-07-2023	23-07-2023
ശ്രീ.ജെയിംസ്	ഹെൽത്ത് സൂപ്പർവൈസർ	24-07-2023	31-03-2024
ശ്രീമതി ഷെറിൻ ജോസഫ്	പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ - II	01-04-2023	31-03-2024
ശ്രീമതി.ഫസീറ മോൾ . ടി.എ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കെ-സ്മാർട്ട്- വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.	1-1-1
3	ജനുവരി 2024-ന് ശേഷമുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല.	1-1-2
4	ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-1-3
5	സ്ഥിര നിക്ഷേപങ്ങൾ പൂർണ്ണമായി ആസ്തിയായി കണക്കാക്കിയില്ല	1-1-4
6	ധനകാര്യ പത്രികയിൽ വസ്തു നികുതിക്ക് ആനുപാതികമായി സെസ് തുക പൊരുത്തപ്പെടുന്നില്ല	1-1-5
7	എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ആധാരമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-6
8	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-7
9	കേന്ദ്ര ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകൾക്ക് സമാനമായ ഗ്രാന്റ് ഹെഡുകൾ ധനകാര്യപത്രികയിൽ ഇല്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തരനിയന്ത്രണം	1-9
18	മാലിന്യസംസ്കരണം- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ	1-10
19	ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.	1-11
20	അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-12
21	വരവായി ലഭിക്കുന്ന ചെക്കുകൾ ബാങ്കിൽ കളക്ഷനാവാത്തത് ചെലവായി എഴുതി തള്ളുന്നത്	1-13
22	ബാങ്കിൽ നിന്നും കാഷ് പിൻവലിച്ചത് - രേഖകൾ ലഭ്യമല്ല. 15,42,077.00 തുക തടസ്സപ്പെടുത്തുന്നു	1-14
23	പാസ്സ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടില്ല. 6,89,683/-രൂപ തടസ്സപ്പെടുത്തുന്നു	1-15
24	പാസ്സ് ബുക്കിലെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.	1-16
25	വസ്തു നികുതി പ്രൊവിഷൻ വെക്കുന്നത്- അപാകത	1-17
26	തൊഴിൽ നികുതി - അപാകതകൾ	1-18
27	വാടക -അപാകതകൾ	1-19
28	മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക -	1-20
29	ആംബുലൻസ് വാടക - അപാകതകൾ	1-21
30	വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.	1-22
31	വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി-അപാകത	1-23
32	കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ -999082/-തടസ്സപ്പെടുത്തുന്നു.	1-24
33	പെൻഷൻ വിതരണം - ഗുണഭോക്താവിന്റെ മരണശേഷവും തുക അക്കൗണ്ടിൽ നിക്ഷേപിച്ചു	1-25
34	ഏലൂർ നഗരസഭയിൽ മാലിന്യ നിക്ഷേപം തടയുന്നതിന് സി.സി ടിവി ക്യാമറകൾ സ്ഥാപിച്ചതിലെ അപാകത	1-26
35	ഐ.കെ.എം ന് നഗരസഭാ വിഹിതം നൽകിയത്-149691/-തടസ്സപ്പെടുത്തുന്നു.	1-27

36	ബയോബിൻ കമ്പോസ്റ്റർ ബിൻ - അപാകത	1-28
37	വെള്ളക്കരം കുടിശ്ശിക -₹1,76,892/-രൂപ അടവാക്കി	1-29
38	മുറ്റത്തൊരു മീൻതോട്ടം-തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.	1-30
39	വനിതാ വ്യക്തിഗത സ്വയം തൊഴിൽ– പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല. ₹1,61,138 തടസ്സം.	1-31
40	വിദ്യാഭ്യാസ അവാർഡ് വിതരണം അപാകതകൾ	1-32
41	എഫ് എച്ച് സി-ക്ക് മരുന്ന് വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.	1-33
42	പാതാളം പാലം സൈഡ് ഫെൻസിംഗ് - 3,99,839/- രൂപ തടസ്സപ്പെടുത്തുന്നു. 19,497/- രൂപ നിരാകരിക്കുന്നു.	1-34
43	പുല്ലേലാൽ റോഡ് കാന നിർമാണം - അപാകതകൾ - 6,73,763/-രൂപ തടസ്സപ്പെടുത്തുന്നു.	1-35
44	ഫ്രാങ്ക്ലിൻ ഗാർഡൻ കാന മെയിന്റനൻസ് - 47286/-രൂപ നിരാകരിക്കുന്നു.	1-36
45	കുഴികണ്ടം റോഡ് കാന അറ്റകുറ്റ പണി- 13,021 രൂപ നിരാകരിക്കുന്നു.	1-37
46	എച്ച്.ഐ.എൽ - ന് സമീപം എം.സി.എഫ് നിർമ്മാണം - സ്കെച്ചും പ്ലാനും ലഭ്യമല്ല.	1-38
47	മാർക്കറ്റിൽ എം.സി.എഫ് നിർമ്മാണം - അപാകതകൾ	1-39
48	കെ എസ് രാമൻ റോഡ് പുനരുദ്ധാരണം - അപാകതകൾ	1-40
49	സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കോമ്പൗണ്ട് വാൾ നിർമ്മിച്ചത്- അപാകതകൾ	1-41
50	കോൺക്രീറ്റിംഗ് റോഡുകൾ പൊളിച്ച് മാറ്റി ഇന്റർ ലോക്കിംഗ് കട്ട വിരിക്കുന്നത്-	1-42
51	മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമില്ലാതെ പുരുഷക്കൂലി നല്കുന്നത് - അപാകതകൾ	1-43
52	സർവീസ് പെൻഷൻ വിതരണം-അവലോകനം	1-44
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ഫ്രാങ്ക്ലിൻ ഗാർഡൻ കാന മെയിന്റനൻസ് - 47286/-രൂപ നിരാകരിക്കുന്നു.	3-1
2	കുഴികണ്ടം റോഡ് കാന അറ്റകുറ്റ പണി- 13,021 രൂപ നിരാകരിക്കുന്നു.	3-2
3	പാതാളം പാലം സൈഡ് ഫെൻസിംഗ് - 3,99,839/- തടസ്സപ്പെടുത്തുന്നു. 19,497/- രൂപ നിരാകരിക്കുന്നു.	3-3
ഭാഗം **4**		
1	വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ	4-4
5	ഓഡിറ്റ് റിക്കവറി	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **ഏലൂർ** മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31 - ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **17.08.2024** ലെ **1-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **19.08.2024** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ഏലൂർ** മുനിസിപ്പാലിറ്റിയുടെ **2023-24** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം
തീയതി:28/03/2025

ജോയിന്റ് ഡയറക്ടർ

1-1-1 കെ-സ്മാർട്ട്- വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസമാണ് പൂർണ്ണതയിൽ എത്താത്ത കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വരുന്നത്. ഈ കാലയളവിലെ കണക്കുകൾ സാംഖ്യയുമായി സമന്വയിപ്പിച്ചാണ്

2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ എൻട്രികൾ കെ-സ്മാർട്ടിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ലാത്തതിനാൽ വരവ് തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

1-1-2 ജനുവരി 2024-ന് ശേഷമുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല.

ജനുവരി 2024-ന് ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച രേഖകൾ കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ജനുവരി 2024 മുതലുള്ള വസ്തുനികുതി ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-3 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

നഗരസഭയുടെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നഗരസഭയിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-4 സ്ഥിര നിക്ഷേപങ്ങൾ പൂർണ്ണമായി ആസ്തിയായി കണക്കാക്കിയില്ല

വാർഷിക കണക്കിലെ B-12 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിര നിക്ഷേപവുമായി യഥാർത്ഥത്തിലുള്ള സ്ഥിരനിക്ഷേപം പൊരുത്തപ്പെടുന്നില്ല.

1-1-5 ധനകാര്യ പത്രികയിൽ വസ്തു നികുതിക്ക് ആനുപാതികമായി സെസ് തുക പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബി15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തു നികുതി കുടിശ്ശിക തുകയ്ക്ക് ആനുപാതികമായി വരേണ്ട സെസ് തുക 5,87,118/- ആണ്. ഷെഡ്യൂളിൽ 12,82,260/-രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-6 എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ആധാരമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകം മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ആധാരമായ രേഖകളും കൗൺസിൽ തീരുമാനവും ഹാജരാക്കേണ്ടതാണ്.

1-1-7 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ) 58(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 കേന്ദ്ര ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകൾക്ക് സമാനമായ ഗ്രാന്റ് ഹെഡുകൾ ധനകാര്യപത്രികയിൽ ഇല്ല

പിഎംഎവൈ, എൻയുഎൽഎം, സ്വച്ഛ് ഭാരത് എന്നീ കേന്ദ്ര ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടിന് സമാനമായ ഗ്രാന്റ് ഹെഡുകൾ സൂക്ഷിക്കുന്നില്ല. മേൽ ഫണ്ടുകൾക്ക് പ്രത്യേക സാംഖ്യ ഹെഡ് സൂക്ഷിക്കേണ്ടതാണ്.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 22.03.2023 തീയതിയിലെ പ്രത്യേകയോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 2023-24 വർഷത്തെ റിവൈസ്ഡ് ബജറ്റ് 05.02.2024 തീയതിയിലെ പ്രത്യേകയോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ

ചേർക്കുന്നു.

	2023-2024 ബജറ്റ് പ്രകാരം	2023-2024 റിവൈസ്ഡ് ബജറ്റ് പ്രകാരം
മുന്നിരിപ്പ്	₹5,31,01,260	10,37,54,015
വരവ്	₹41,82,21,927	31,12,25,517
ആകെ	₹47,13,23,187	41,49,79,532
ചെലവ്	₹42,41,12,615	31,52,77,859
നീക്കിയിരിപ്പ്	₹4,72,10,572	9,97,01,673

ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ തൻവർഷത്തെ മുന്നിരിപ്പ് ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. എന്നാൽ ഏലൂർ നഗരസഭയിൽ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയതിൽ എസ്റ്റിമേറ്റ് ബജറ്റിൽ ഉൾപ്പെട്ടിരിക്കുന്ന മുന്നിരിപ്പ് ഉൾപ്പെടുത്താതെയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് ശരിയായ നടപടിയായി ഓഡിറ്റ് കാണുന്നില്ല. യഥാർത്ഥ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹10,72,17,828.33
വരവ്	₹16,46,32,161.00
ആകെ	₹27,18,49,989.33
ചെലവ്	₹15,89,10,252
നീക്കിയിരിപ്പ്	₹11,29,39,737.33

വാർഷിക ധനകാര്യപത്രികയിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കണക്കിൽ ഉൾപ്പെട്ടില്ലാത്ത ഗ്രാന്റുകളുടെയും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ട്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)	ലാപ്സായ തുക (₹)
വികസനഫണ്ട്-ജനറൽ	0	19545535	19545535	19210545		334990
വികസനഫണ്ട്-SCP	0	20395552	20395552	11075392		9320160
വികസനഫണ്ട്-TSP	0	543533	543533	105000		438533
CFC Grant-Tied(treasury)	2375812	8231500	8231500	7993143	2902391	
CFC Grant -Basic(treasury)		5488000+ 520819	6008819	5,720,597		
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	0	81,10,650	81,10,650	1327971		6782679
മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	0	5017400	5017400	1,920,722		3096678
KSWMP ഫണ്ട്	0	168715	168715	168715		
ദുരിതാശ്വാസനിധി 311110100	144506	94974	239480	106000	133480	
NULM, PMAY, Swachch Bharath, Anganwaddi Nutrition 320100100	2928000	20495154	23423154	10836643	12586511	
NULM	0	633633	633633	633633	0	
Swachch Bharath	559655	8450	568105	O	568105	
ആരോഗ്യഫണ്ട് 320200206	8320496	3221830	11542326	5435639	6106687	
ആരോഗ്യഫണ്ട് 320200207 ആയുർവേദം		3476104	3476104	428761	3047343	
സായംപ്രഭ ഗ്രാന്റ്	93752	2645	96397	0	96397	
Donations To Pandemic/ Epidemic Control 320809700	389100	140	389240	3,84,770	4470	

Pre-monsoon, BUDS, CSR ഫണ്ടുകൾ 320809900	910572	1883487	2794059	759811	2034248	
സാക്ഷരത	81624	11123	92747	8483	84264	
BSUP	3,34,711	9,298	344009	0	344009	

1) വികസനഫണ്ട്-(ജനറൽ) നിന്നും ലോൺ തിരിച്ചടവിനായി ₹8,66,667/-, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ₹12,70,200/- എന്നിങ്ങനെ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

2) വികസനഫണ്ട് – എസ്.സി.പി 1-6 ഷെഡ്യൂൾ പ്രകാരമുള്ള ചെലവും ACR പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

3) പി.എം.എ.വൈ, എൻയുഎൽഎം, സ്വച്ഛഭാരത് എന്നീ കേന്ദ്ര ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകൾക്ക് സമാനമായി പ്രത്യേക സാംഖ്യ ഹെഡ് സൂക്ഷിക്കുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തത് (എണ്ണം)	ശതമാനം
375	28,04,96,230	111	8,84,61,097	40	224	29.6%

1-6 തൊഴിലുറപ്പ് പദ്ധതി

മുന്നിരിപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)
1546	6041876	6043422	6000554	42868

തൻവർഷം മുന്നിരിപ്പിൽ ഉണ്ടായിരുന്ന ₹119/- ട്രഷറി തിരിച്ചെടുത്തതിനാലാണ് ധനകാര്യപത്രികയിലെ 250200100 ഹെഡിൽ ₹6000435/- രേഖപ്പെടുത്തിയിരിക്കുന്നത്.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക(₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	2,70,400	22
വിധവാപെൻഷൻ	1,32,48,200	1204
വാർദ്ധക്യകാല പെൻഷൻ	3,28,34,300	3008
വികലാംഗ പെൻഷൻ	28,59,300	252
അവിവാഹിത-50 വയസ്സിന് മുകളിൽ	6,15,400	58

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2025 തീയതിയിൽ ഉച്ചയ്ക്ക് 3 മണിക്ക് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹80,284.00ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പല വരവു ചെലവു കണക്കുകളുടേയും (ഗ്രാന്റുകൾ ഉൾപ്പെടെ) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കൃത്യത ഉറപ്പാക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക വളരെ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്.

2. നഗരസഭയിലെ സുപ്രധാന രേഖയായ ജനറൽ കമ്മിറ്റി മിനിട്ട്സ് ബൈൻഡ് ചെയ്യാതെ അശ്രദ്ധമായി

കൈകാര്യം ചെയ്യുന്നു.

3. വസ്തുനികുതി ഇനത്തിൽ 3 കോടിയോളം രൂപ കുടിശ്ശിക ഉണ്ടെങ്കിലും അതു സംബന്ധിച്ച കൃത്യമായ രേഖകൾ നഗരസഭയിൽ ഇല്ല.

4. പൊതു ടാപ്പുകളുടേയും തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

6. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. ബാലൻസ് ഷീറ്റ് പ്രകാരം 1 കോടിയിലധികം തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. റെന്റ് രേഖകൾ പൂർണ്ണമല്ല.

7. പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

8. നഗരസഭ ലീസിനു എടുത്തിട്ടുള്ള പാതാളം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം നഗരസഭ ആസ്തിയാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

9. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

10. ചില അക്കൗണ്ടുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഖണ്ഡിക 1-11 കാണുക)

11. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്.

1-10 മാലിന്യസംസ്കരണം- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ

ഏലൂർ നഗരസഭയിലെ ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2021-22 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. നഗരസഭയിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഏലൂർ നഗരസഭയ്ക്ക് 14.21 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 31 വാർഡുകളുള്ള നഗരസഭയിലെ ജനസംഖ്യ 31468 (സെൻസസ് 2011) ആണ്. ആൾതാമസമുള്ള 8159 വീടുകളും 877 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 31 വാർഡുകളിലായി ആകെ 26 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ട് വരുന്നു. ഹരിതകർമ്മ സേനയുമായി 8159 വീടുകളും സഹകരിക്കുന്നുണ്ട്. 877സ്ഥാപനങ്ങളും യൂസർഫീ നല്കുന്നുണ്ട്. (മാർച്ച് 2024 ലെ കണക്ക്).

മാലിന്യശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
എല്ലാ തരത്തിലുമുള്ള പ്ലാസ്റ്റിക് കവറുകൾ, പേപ്പർ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കുപ്പികൾ	ജനുവരി മുതൽ ഡിസംബർ വരെ എല്ലാ മാസവും
ചില്ല്,കണ്ണാടി, കുപ്പി	ഫെബ്രുവരി, മെയ്, ആഗസ്റ്റ്, നവംബർ
ഇ-മാലിന്യം, റ്റ്യൂബ്, സിഎഫ്എൽ, ബൾബ്, മരുന്ന് സ്ട്രിപ്പുകൾ	മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ
പഴയ ചെരുപ്പ്, ബാഗ്, തെർമോക്കോൾ	ഏപ്രിൽ, ജൂലൈ, ഒക്ടോബർ

മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭയിലും നോട്ടീസ് വഴി അറിയിക്കുന്നു. വീടുകളിൽ നിന്ന് പ്രതിമാസം 50/- രൂപയും സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയുമാണ് യൂസർഫീ ഇനത്തിൽ പിരിച്ച് വരുന്നത്. യൂസർ ഫീ പിരിക്കുന്നതിനും അടവാക്കുന്നതിനും ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് വരുന്നു. മാലിന്യ ശേഖരണം മോണിറ്റർ ചെയ്യുന്നതിന് സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കുകയും സിഡിഎസ് വഴി വായ്പ അനുവദിച്ച് ഹരിതകർമസേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കിയിട്ടുണ്ട്. സേവനങ്ങൾക്ക് യൂസർ ഫീ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഈയിനത്തിൽ തൻവർഷം 6173483/- രൂപ പിരിച്ചെടുത്തിട്ടുണ്ട്.

മാലിന്യവേർതിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ മിക്സഡ് പ്ലാസ്റ്റിക്, റിജക്റ്റ് എന്നിവയായി 100% വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്.

റീസൈക്ലിംഗ്

ഹരിത കർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതുൾപ്പെടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികൾ നഗരസഭ സ്വീകരിച്ച് വരുന്നുണ്ട്. കല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബോട്ടിൽ ബൂത്ത്, ബിന്നുകൾ എന്നിവ സ്ഥാപിച്ചിട്ടില്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ഹരിത സഭ, കുട്ടികളുടെ ഹരിത സഭ, വാർഡ് തലത്തിലുള്ള ക്ലസ്റ്റർ യോഗങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്കരണ മേഖലയിൽ 8100 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹6173483 വരവ് വന്നിട്ടുണ്ട്. ഹരിത കർമ്മസേനയിലെ ഓരോ അംഗവും ശേഖരിക്കുന്ന യൂസർ ഫീ-യുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. ഇപ്രകാരം 26 ഹരിതകർമ്മ സേനാംഗങ്ങൾക്ക് ശരാശരി ₹17500 പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. തൻവർഷം ഹരിത കർമസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടി വന്നിട്ടില്ല. യൂസർ ഫീ കുടിശ്ശിക വരുത്തിയവർക്കെതിരെ നോട്ടീസ് അയയ്ക്കുന്നുണ്ട്. നഗരസഭയിലെ എല്ലാ സേവനങ്ങൾക്കും യൂസർ ഫീ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനായി നിയോഗിച്ച സ്ക്വാഡുകൾ ബോധവത്കരണം നടത്തുന്നുണ്ട്. നഗരസഭയിൽ മറ്റ് പരിപാടികളിലും ഈ വിഷയം പൊതു ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നുമുണ്ട്.

അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമസേനയ്ക്ക് സ്വന്തമായി വാഹനം ഉണ്ട്. മാലിന്യ നീക്കത്തിനായി 26 ട്രോളികൾ ഉണ്ട്. എം.എസി.എഫ്-നോട് അനുബന്ധിച്ച് ഓഫീസ് സൗകര്യം ഉണ്ട്. പുതുതായി മിനി എം.സി.എഫ്-കൾ സ്ഥാപിച്ചിട്ടുണ്ട്. ബോട്ടിൽ ബൂത്ത്, നിരീക്ഷണ ക്യാമറ, സോർട്ടിംഗ് ടേബിൾ എന്നിവ സ്ഥാപിക്കുന്നതിനായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിയുന്നത് സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. നിയമ ലംഘനങ്ങൾ കണ്ടെത്തിയ കേസുകളിൽ നിന്നായി 30000/- രൂപ പിഴ ചുമത്തി ഈടാക്കിയിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംബന്ധിച്ച പരിശീലനം നല്കിയിട്ടുണ്ട്. കൂടാതെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കുടുബശ്രീ ജില്ലാ മിഷൻ, ക്ലീൻകേരള കമ്പനി ലിമിറ്റഡ് എന്നിവ വഴിയും പരിശീലനം നല്കിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ഭൂരിഭാഗം ഭവനങ്ങളും സ്ഥാപനങ്ങളും നിലവിലും ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണ പ്രവർത്തനവുമായി സഹകരിക്കുന്നുണ്ട്.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1. അടിസ്ഥാന വിവരങ്ങൾ

നിലവിൽ ഒരു എം.എസി.എഫ് നഗരസഭയിൽ പ്രവർത്തിക്കുന്നു. ഇവിടേയ്ക്ക് റോഡ് സൗകര്യം ഉണ്ട്. നിലവിൽ എം.സി.എഫ് സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു. ടിപ്പിങ്ങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. ആർആർഎഫ് ഇല്ല. 31 വാർഡുകൾക്ക് 31 മിനി എം.എസി.എഫ് ആണ് ഉള്ളത്.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

ഓരോ വാർഡിലേയും ഫീൽഡ് വർക്ക് കഴിഞ്ഞ ഉടൻ ശേഖരിച്ച മാലിന്യം മിനി എം.സി.എഫ് ലേയ്ക്ക് എത്തിക്കുന്നു. തുടർന്ന് ആ മാസം 20 -ാം തീയതി മുതൽ 30-ാം തീയതി വരെ ഒരു തവണയായി എം.സി.എഫിലേയ്ക്ക് എത്തിക്കുന്നു. ഹരിതകർമ്മസേനയുടെ മാലിന്യ നീക്ക പ്രവർത്തനങ്ങൾ ഹരിതമിത്രം ആപ്പ് വഴി ഉറപ്പ് വരുത്തുന്നു.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന എം.സി.എഫ്-ന് 710 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി 15 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്. എം.സി.എഫ് ന്റെ ആകെ വിസ്തൃതിയിൽ ടിപ്പിങ്ങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷിനറി ഏരിയ, അന്തിമ സംഭരണ ഏരിയ എന്നിവയ്ക്ക് നിർദ്ദിഷ്ട തോതിലുള്ള ഏരിയ ലഭ്യമാണ്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, ഗംബൂട്ട്, തൊപ്പി, റെയ്ൻ കോട്ട് എന്നിവ വിതരണം ചെയ്യുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫയർ എസ്റ്റിംഗിഷർ സ്ഥാപിച്ചിട്ടുണ്ട്.

5. ശുചിത്വ മാനദണ്ഡങ്ങൾ

ജൈവമാലിന്യങ്ങൾ ഒന്നും തന്നെ എം.സി.എഫ് പരിസരത്തേയ്ക്ക് കൊണ്ട് വരാറില്ല. അജൈവ മാലിന്യങ്ങൾ പരമാവധി വേഗത്തിൽ തന്നെ ഏജൻസിയ്ക്ക് കൈമാറിവരുന്നു. മിനി എം.സി.എഫ്, എം.സി.എഫ് പരിസരങ്ങൾ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുന്നുണ്ട്.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ

2023-24 കാലയളവിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും മാലിന്യം കൈമാറുകയും ചെയ്യുന്നുണ്ട്. 1 വർഷമാണ് കരാർ കാലാവധി. വേർതിരിക്കാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 10.00 രൂപ നിരക്കിൽ ഏജൻസിക്ക് നൽകേണ്ടി വരുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

1. ഭൂരിഭാഗം വീടുകളും മുഴുവൻ സ്ഥാപനങ്ങളും യൂസർഫീ നല്കി മാലിന്യ ശേഖരണത്തിൽ സഹകരിക്കുന്നുണ്ട്. എല്ലാ വാർഡുകളിലും 100 % ഭവനങ്ങളിലും യൂസർ ഫീ പിരിവ് നടത്തി മാലിന്യം ശേഖരിക്കുന്നതിനുള്ള ബോധവത്കരണം നടത്താവുന്നതാണ്.

2. പാതയോരങ്ങളും പൊതു ഇടങ്ങളും മാലിന്യരഹിതമായി സൂക്ഷിക്കുന്നതിന് പൊതുജനാവബോധം വളർത്തുന്നതിനായി ബോട്ടിൽ ബൂത്ത്, ബിന്നുകൾ എന്നിവ സ്ഥാപിക്കേണ്ടതാണ്.

1-11 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

ക്രമ നം.	ബാങ്ക്	അക്കൗണ്ട് നം	തുക (തീയതി)	റിമാർക്സ്
1	ഏലൂർ സർവീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി	6467	1,,06,583 (31-3-24)	22-4-10- ശേഷം പലിശ വരവ് അല്ലാതെ ഇടപാടുകൾ ഒന്നും ഇല്ല

2	ഏലൂർ സർവീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി	6428	6,65,686 (31-3-24)	28-10-14- ശേഷം പലിശ വരവ് അല്ലാതെ ഇടപാടുകൾ ഒന്നും ഇല്ല
3	എച്ച്.ഡി.എഫ്. സി	50100365842637	13,120(31-3-24)	

ഈ അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/16.1.25- ന് മറുപടി ഒന്നും ലഭിച്ചില്ല.

1-12 അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെ പറയുന്ന അക്കൗണ്ടുകൾ മുൻ വർഷങ്ങളിൽ ഓപ്പൺ ചെയ്തതാണ്. ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. 1-4-24 – ന് ശേഷമുള്ള പാസ്സ് ബുക്ക് ഹാജരാക്കിയിട്ടുണ്ട്. 1-4-24 – ന് മുമ്പുള്ള പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തനത് വർഷം ഇടപാടുകൾ നടന്നിട്ടുണ്ടോ എന്ന വിവരവും ലഭ്യമല്ല.

ക്രമ നം.	ബാങ്ക്	അക്കൗണ്ട് നം.	അക്കൗണ്ട് തുടങ്ങിയ തീയതി
1	ഇൻഡ്യൻ ബാങ്ക്	7280197266	29-8-22
2	ഇൻഡ്യൻ ബാങ്ക്	7220147775	23-11-21
3	ഫെഡറൽ ബാങ്ക്	12950100185257	22-12-23

ഈ അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/16-1-25- ന് മറുപടി ഒന്നും ലഭിച്ചില്ല.

1-13 വരവായി ലഭിക്കുന്ന ചെക്കുകൾ ബാങ്കിൽ കളക്ഷനാവാത്തത് ചെലവായി എഴുതി തള്ളുന്നത്

നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന ദേനാ ബാങ്കിൽ കളക്ഷനായി അയക്കുന്ന ചെക്കുകൾ താഴെ പറയും പ്രകാരം എഴുതിതള്ളിയിരിക്കുന്നു. പിന്നീട് ഈ തുകകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. ഇപ്രകാരം എഴുതി തള്ളുന്നതും അംഗീകരിക്കാനാവില്ല.

Sl.	Date	Vr. No	Head Of Account	Details	Paid To	Cheque No	Amount
1	06/Mar/2024	22301422	Prior Period Income - Other Income	(Cheque Cancelled) Dena Bank- 2841	-	211607 28-Mar-2023	88,500.00
2	06/Mar/2024	22301423	Prior Period Income - Other Income	(Receipt Cancelled) Dena Bank- 2841	-	Direct 28-Mar-2023	406,623.00
3	06/Mar/2024	22301425	Prior Period Income - Other Income	(Receipt Cancelled) Dena Bank- 2841	-	122017 28-Mar-2023	2,500.00
4	06/Mar/2024	22301426	Prior Period Income - Other Income	(Receipt Cancelled) Dena Bank- 2841	Receipt Cancelled	0006 28-Mar-2023	9,000.00
5	06/Mar/2024	22301427	Prior Period Income - Other Income	(Receipt Cancelled) Dena Bank- 2841	Receipt Cancelled	122017 28-Mar-2023	1,250.00
6	06/Mar/2024	22301428	Prior Period Income - Other Income	(Receipt Cancelled) Dena Bank- 2841	Receipt Cancelled	274676 30-Mar-2023	1,250.00
7	06/Mar/2024	22301429	Prior Period Income - Other Income	(Receipt Cancelled) Dena Bank- 2841	-	274675 30-Mar-2023	7,500.00
8	06/Mar/2024	22301430	Prior Period Income - Other Income	(Receipt Cancelled) Dena Bank- 2841	-	519601 30-Mar-2023	7,850.00

9	06/Mar/2024	22301431	Prior Period Income - Other Income	(Receipt Cancelled) Dena Bank- 2841	Receipt Cancelled	519602 30-Mar-2023	1,250.00
				Total			**525723**

ഇപ്രകാരം ചെലവായി കാണിക്കുന്ന തുകകൾ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതെ പോകുന്നതും പിന്നീട് ഇവ ലഭിക്കാത്ത സാഹചര്യവും ഉണ്ടാകുന്നു. ഇപ്രകാരമുള്ള എൻട്രികൾ ഒഴിവാക്കേണ്ടതുമാണ്.

ബാങ്കിൽ പാസ്സാവാത്ത ചെക്കുകൾ അവ ലഭിക്കുന്നത് വരെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ടതും ഇവ ലഭിച്ചില്ലെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി 30/18-1-25 – ന് മറുപടി ഒന്നും ലഭിച്ചില്ല.

1-14 ബാങ്കിൽ നിന്നും കാഷ് പിൻവലിച്ചത് – രേഖകൾ ലഭ്യമല്ല. 15,42,077.00 തുക തടസ്സപ്പെടുത്തുന്നു

അക്കൗണ്ട് നം. 450610800 ബാങ്ക് ഓഫ് ബറോഡ - Health Grant. AC . No. 92740100009981

ഈ അക്കൗണ്ടിൽ നിന്നും ആകെ ചെലവ് വന്ന 54,35,639/- രൂപയിൽ താഴെ പറയുന്ന 15,42,077.00/- രൂപയുടെ ശരിയായ ചെലവ് രേഖപ്പെടുത്താതെ ദേന ബാങ്കിലേക്ക് മാറ്റിയതായി കോൺട്രാ വൗച്ചർ ഇട്ടിരിക്കുന്നു. എന്നാൽ ഈ തുകകൾ ഒന്നും ദേന ബാങ്കിന്റെ പാസ്സ് ബുക്കിൽ ക്രെഡിറ്റായി വന്നിട്ടില്ല. ആയതിനാൽ ഈ തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. ഈ തുക തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

Sl. No.	Date	Vr. No.	Transferred To	Narration		Amount
1	29/Dec/2023	32300216	Dena Bank (SB) 92740100002841	(Wrong Account Payment Clearing)	C	20,790.00
2	29/Dec/2023	32300217	Dena Bank (SB) 92740100002841	(Wrong Account Payment Clearing)	C	18,341.00
3	29/Dec/2023	32300218	Dena Bank (SB) 92740100002841	(Wrong Account Payment Clearing)	C	23,582.00
4	29/Dec/2023	32300219	Dena Bank (SB) 92740100002841	(Wrong Account Payment Clearing)	C	97,700.00
5	29/Dec/2023	32300220	Dena Bank (SB) 92740100002841	(Wrong Account Payment Clearing)	C	20,790.00
6	31/Dec/2023	32300225	Dena Bank (SB) 92740100002841	(Wrong Account Payment Clearing)	C	500,000.00
7	31/Dec/2023	32300226	Dena Bank (SB) 92740100002841	(Wrong Bank Payment)	C	22,501.00
8	17/Feb/2024	32300234	Dena Bank (SB) 92740100002841	(Wrong Bank Payment On 1/2/24 Cleared)	C	6,810.00
9	17/Feb/2024	32300235	Dena Bank (SB) 92740100002841	(Wrong Bank Payment On 1/2/24 Cleared)	C	88,045.00
10	17/Feb/2024	32300236	Dena Bank (SB) 92740100002841	(Wrong Bank Payment On 1/2/24 Cleared)	C	11,819.00
11	17/Feb/2024	32300237	Dena Bank (SB) 92740100002841	(Wrong Bank Payment On 13/2/24 Cleared)	C	24,713.00
12	17/Feb/2024	32300238	Dena Bank (SB) 92740100002841	(Wrong Bank Payment On 11/1/24 Cleared)	C	93,669.00
13	17/Feb/2024	32300239	Dena Bank (SB) 92740100002841	(Wrong Bank Payment On 11/1/24 Cleared)	C	20,790.00
14	17/Feb/2024	32300240	Dena Bank (SB) 92740100002841	(Wrong Bank Payment On 11/1/24 Cleared)	C	234,112.00
15	17/Feb/2024	32300243	Dena Bank (SB) 92740100002841	(Wrong Bank Payment On 17/1/24 Cleared)	C	228,338.00

16	17/Feb/2024	32300244	Dena Bank (SB) 92740100002841	(Wrong Bank Payment On 14/2/24 Cleared)	C	37,342.00
17	17/Feb/2024	32300245	Dena Bank (SB) 92740100002841	(Wrong Bank Payment On 14/2/24 Cleared)	C	92,735.00
			Total			15,42,077.00

മാത്രമല്ല ഇത്രയും തുകകൾ Dena Bank (SB)-92740100002841 – ബാങ്ക് ബുക്കിൽ വരവ് വെച്ചതിനാൽ Dena Bank എപ്രകാരം റിക്കൺസിലിയേഷൻ നടത്തി എന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/18-1-25 ന് മറുപടി ലഭിച്ചില്ല.

1-15 പാസ്സ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടില്ല. 6,89,683/-രൂപ തടസ്സപ്പെടുത്തുന്നു

ബാങ്ക് പാസ്സ് ബുക്കിലെ എല്ലാ വരവ് ചെലവ് കണക്കുകളും ബന്ധപ്പെട്ട ബാങ്ക് ബുക്കിൽ വന്നിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

ബാങ്ക്	അക്കൗണ്ട് നം.	ഹെഡ് കോഡ്
കാനറ	110006436987	450610900

പാസ്സ് ബുക്ക് പ്രകാരം 8/3/24 – വരെ 6,89,683/- രൂപ വരവും അത്രയും രൂപ ചെലവും ഉണ്ട്. ഇവ ഒന്നും വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സാക്ഷരത അക്കൗണ്ട് ആയിട്ടാണ് വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/18-1-25 ന് മറുപടി ലഭിച്ചില്ല.

1-16 പാസ്സ് ബുക്കിലെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

താഴെ പറയുന്ന അക്കൗണ്ടിൽ പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ഉണ്ടെങ്കിലും ബാങ്ക് ബുക്ക് പ്രകാരം ഓപ്പണിംഗ് ബാലൻസും ക്ലോസിംഗ് ബാലൻസും പൂജ്യം ആണ്.

ബാങ്ക്	ഹെഡ് അക്കൗണ്ട്	തുക (31-3-24)
ബാങ്ക് ഓഫ് ഇൻഡ്യ (JNNURM)	450410800	1,04,967

ഈ അക്കൗണ്ടിലേക്ക് 9-1-24 – ൽ 1,04,777/-രൂപയും പലിശയിനത്തിൽ ലഭിച്ച 191 രൂപയും വരവ് അക്കൗണ്ട്സിൽ വരവ് വന്നിട്ടില്ല. 1,04,777/- രൂപ ഏത് ഇനത്തിൽ ലഭ്യമായി എന്നും വ്യക്തമല്ല.(എൻക്വയറി നം.26/16.01.2025) ഇതിന്റെ റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.

മേൽ വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-17 വസ്തു നികുതി പ്രൊവിഷൻ വെക്കുന്നത്- അപാകത

432100100 Provision For Outstanding Property Taxes

വസ്തുനികുതി പ്രൊവിഷൻ വെക്കേണ്ടത് "Provision For Doubtfull Receivbles – Property Tax “ എന്ന ചെലവ് ഹെഡിൽ ഡെബിറ്റ് ചെയ്യുകയും “ "Provision For Doubtfull Receivables – Property Tax” എന്ന ലയബിലിറ്റി ഹെഡിൽ ക്രെഡിറ്റ് ചെയ്യുകയുമാണ് വേണ്ടത്. എന്നാൽ ഇവിടെ ലഭിക്കാനുള്ള Receivables For Property Taxes (Arrears)ൽ കുറവ് ചെയ്ത് (Credit) Provision For Outstanding Property Taxes- എന്ന ഹെഡിൽ ഡെബിറ്റ് ചെയ്ത് അസ്സറ്റാക്കി എടുത്തിരിക്കുന്നു. ഇപ്രകാരം 1,50,00,000/- രൂപയാണ് കുടിശികയിൽ നിന്നും കുറവ് വന്നത്- ഇതിന് വിശദീകരണം ഹാജരാക്കേണ്ടതാണ്. ലെഡ്ജറിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

Date	Head		Vr. No.	Amount	
		Opening Balance:-			-285,723.00
02/Apr/2023	431100200	Receivables For Property Taxes (Arrears)	V.No: 42300805	15,000,000.00	

		Balance		14,714,277.00	

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/16-1-25- ന് മറുപടി ലഭിച്ചില്ല.

1-18 തൊഴിൽ നികുതി - അപാകതകൾ

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധമായ ഫയലുകൾ, തൊഴിൽ നികുതി രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നികുതി അടവാക്കിയവരുടെ പേര് വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ മാത്രമാണ് മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചുവരുന്നത്. പ്രസ്തുത ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. മുനിസിപ്പാലിറ്റി പരിധിയിലുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, റേഷൻവ്യാപാരികൾ, എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245(1)എ, ബി പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും 2023-24 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	ലൈസൻസ് നം.
1	ന്യൂജ്രം ലക്ഷ്വറി അപ്പാർട്ട്മെന്റ്സ്	5865/23
2	ഇലക്ട്രിക്സ്	2105/23
3	ക്യൂബ് എസ്ക്വയർ	3600/23
4	യെസ്മാർട്ട് സൂപ്പർ മാർക്കറ്റ്	2106/23
5	ജോൺസ് കൺസെപ്റ്റ്സ്	10097/23
6	ന്യൂസ്റ്റാർ മാർക്കറ്റിംഗ്	7327/23
7	റീൻ എക്യുപ്മെന്റ്സ് & ഫർണീച്ചർ	8068/23
8	പിവിസി ഡോർ ഷോപ്പ്	6338/23
9	എനോവ മെഡിക്കൽ സിസ്റ്റംസ്	6138/23
10	പ്രകൃതി ആയുർവേദ ഹോസ്പിറ്റൽ	2129/23
11	പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം	1465/23
12	അശോക എ.വി.എൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്	4882/23
13	ഫ്ലോവെന്റ് സിസ്റ്റം	4545/23
14	ട്രസ്റ്റ് ഫാർമസ്യൂട്ടിക്കൽസ്	3700/23
15	ജിയോ പോൾ & കമ്പനി	4087/23
16	സീമോസ്	2524/23
17	ഇ.ജെ. & കമ്പനി	1883/23

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/17.01.2025), ടി അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടി

സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ രൂപീകരിച്ച്, അതനുസരിച്ച് എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി, തൊഴിൽ നികുതിയിനത്തിലുള്ള വരുമാനത്തിന്റെ ചോർച്ച തടയേണ്ടതാണ്. വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ രൂപീകരണത്തിനായി വാർഡ് മെമ്പർമാരുടേയും കുടുംബശ്രീ അംഗങ്ങളുടേയും സഹായം തേടാവുന്നതാണ്. തനതുവരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതിയെന്നതിനാൽ, പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി കൃത്യമായി പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമാണ്.

1-19 വാടക -അപാകതകൾ

ഏലൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള പാതാളം ഷോപ്പിംഗ് കോംപ്ലക്സ്, മഞ്ഞുമ്മൽ ഷോപ്പിംഗ് കോംപ്ലക്സ്, മേത്താനം ഷോപ്പിംഗ് കോംപ്ലക്സ്, എന്നിവയുടെ വാടക സംബന്ധിച്ച രജിസ്റ്റർ, കരാർ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

I. മുനിസിപ്പാലിറ്റി ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

II. വാടകയുടെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ, വാടകയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

III. കടമുറികൾ വാടകയ്ക്ക് നൽകാതെയും, വാടകയ്ക്ക് നൽകിയവയുടെ വാടക കുടിശ്ശിക ഈടാക്കാതെയും നിലനിൽക്കുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

(എ)പാതാളം ഷോപ്പിംഗ് കോംപ്ലക്സ്

ക്രമ നം.	റൂം നം.	വാടകക്കാരന്റെ പേര്	കുടിശിക കാലയളവ്/ പ്രതിമാസ വാടക	റിമാർക്സ്
1	ഗ്രൗണ്ട് ഫ്ലോർ നം. 5 (എസ്.സി/എസ്.ടി. സംവരണം)	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.
3	ഗ്രൗണ്ട് ഫ്ലോർ നം.10 (എസ്.സി/എസ്.ടി. സംവരണം)	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.
4	ഗ്രൗണ്ട് ഫ്ലോർ നം.15	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.
5	ഫസ്റ്റ് ഫ്ലോർ നം.3 (എസ്.സി/എസ്.ടി. സംവരണം)	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.
6	സെക്കന്റ് ഫ്ലോർ നം.4, 5 & 7	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.
7	സെക്കന്റ് ഫ്ലോർ നം.8 (എസ്.സി/എസ്.ടി. സംവരണം)	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.
8	സെക്കന്റ് ഫ്ലോർ നം.10 & 11	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.
9	സെക്കന്റ് ഫ്ലോർ നം.14	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.
10	സെക്കന്റ് ഫ്ലോർ നം.12	സജിത അബൂബക്കർ, പണിക്കര ഹൗസ്	₹2532/-	വാടക കുടിശ്ശിക നിലനിൽക്കുന്നു. 2532 X 12 =30384/- +(ജി.എസ്റ്റി)
11	സെക്കന്റ് ഫ്ലോർ നം.13	കെ.എ. സുബൈർ, കരിവേലിയിൽ ഹൗസ്., മണ്ണംതുരുത്ത്, വരാപ്പുഴ	₹1918/-	വാടക കുടിശ്ശിക നിലനിൽക്കുന്നു. 1918 X 12 = 23016/-

				+(ജി.എസ്റ്റി)
12	വനിത ഹോസ്റ്റൽ	കെ. എസ്. ഗോപകുമാർ, റോക്ക്കാസൺ അപ്പാർട്ട്മെന്റ്, മഞ്ഞുമ്മൽ.	₹17381/-	വാടക കുടിശ്ശിക (ഫെബ്രുവരി, മാർച്ച്) നിലനിൽക്കുന്നു. 17381 X 2 = 34762/- +(ജി.എസ്റ്റി)

(ബി)മേത്താനം ഷോപ്പിംഗ് കോംപ്ലക്സ്

ക്രമ നം.	റൂം നം.	വാടകക്കാരന്റെ പേര്	കുടിശിക കാലയളവ്/ പ്രതിമാസ വാടക	റിമാർക്സ്
1.	2/1ജി & 2/1എച്ച്.	-	-	വാടകയ്ക്ക്നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.

(സി) മഞ്ഞുമ്മൽ ഷോപ്പിംഗ് കോംപ്ലക്സ്

ക്രമ നം.	റൂം നം.	വാടകക്കാരന്റെ പേര്	കുടിശിക കാലയളവ്/ പ്രതിമാസ വാടക	റിമാർക്സ്
1.	12/201 സി	-	-	വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.

IV താഴെ ചേർക്കുന്നവരുടെ വാടക്കരാർ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

1. ഗ്രൗണ്ട് ഫ്ലോർ നം. 2, കാത്തലിക് സിറിയൻ ബാങ്ക് എ.ടി.എം കൗണ്ടർ.

2. ഗ്രൗണ്ട് ഫ്ലോർ നം. 13 , ഉമേന്ദ്രൻ സി.കെ., ചെറുവിളി ഹൗസ്, പാടിവട്ടം.

3. ഫസ്റ്റ് ഫ്ലോർ നം.2, വിൻസന്റ്, അത്തിക്കൽ ഹൗസ്, തൃക്കാക്കര.

4. സെക്കന്റ് ഫ്ലോർ നം.2, രമേഷ്കുമാർ, കോച്ചേരിപറമ്പിൽ

5. സെക്കന്റ് ഫ്ലോർ നം.3, വി.ടി. തോമസ്, വാടയ്ക്കൽ, കുറ്റിക്കാട്ടുകര.

6. സെക്കന്റ് ഫ്ലോർ നം.13, കെ.എ. സുബൈർ, കരിവേലിയിൽ ഹൗസ്., മണ്ണംതുരുത്ത്, വരാപ്പുഴ

7. മഞ്ജു കെ.വി., ഫാക്ട് ക്വാർട്ടേഴ്സ്, 12/201 ഡി.

8. മഞ്ഞുമ്മൽ ഗ്രാമീണ വായനശാല, 12/201 ഇ

9. കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ, 12/201 എച്ച്

10. വനിത വ്യവസായ കേന്ദ്രം, ഉഷസ്സ് കുടുംബശ്രീ.

V. ലഭ്യമാക്കിയ വാടകകരാർ പരിശോധിച്ചതിൽ , താഴെചേർക്കുന്ന അപാകതകൾ കാണുന്നു.

ക്രമ നം.	റൂം നം.	റിമാർക്സ്
1.	ഫസ്റ്റ് ഫ്ലോർ നം.1	കരാർ ആധികാരികമല്ല. മുനിസിപ്പൽ സെക്രട്ടറി വാടക കരാറിൽ ഏർപ്പെടുന്ന തിലേക്കായി ഒപ്പ് രേഖപ്പെടുത്തി മുനിസിപ്പാലിറ്റിയുടെ പൊതുമുദ്ര പതിപ്പിച്ചിട്ടില്ല. വാടക കാലയളവ്, മാസവാടക, ആദ്യഗഡു തീയതി, എന്നിവയും രേഖപ്പെടുത്തിയിട്ടില്ല.
2.	1. വനിതഹോസ്റ്റൽ 2. 12/201 എഫ്. 3. 12/201 ജി 4. ഗ്രൗണ്ട് ഫ്ലോർ നം. 1, 3, 4, 6, 9, 11, 12, 16, 5. സെക്കന്റ് ഫ്ലോർ നം.9	കരാർ ആധികാരികമല്ല. മുനിസിപ്പൽ സെക്രട്ടറി വാടക കരാറിൽ ഏർപ്പെടുന്നതിലേക്കായി ഒപ്പ് രേഖപ്പെടുത്തി മുനിസിപ്പാലിറ്റിയുടെ പൊതുമുദ്ര പതിപ്പിച്ചിട്ടില്ല.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/13.01.2025), എസ്.സി/എസ്.ടി. സംവരണമുള്ള കടമുറികളുടെ ലേലം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസ് (WP(C)No.27901/2010,WP(C)No.36235/2016) നിലനിൽക്കുകയാണെന്നും, ബാക്കിയുള്ള കടമുറികൾ പലപ്രാവശ്യം ലേലത്തിൽ വച്ചുവെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തില്ലായെന്നും, പുതിയ മുനിസിപ്പൽ ഓഫീസ് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതിനാൽ ടി സ്ഥലത്ത് പ്രവർത്തിക്കുന്ന അനുബന്ധ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഒഴിവുള്ള കടമുറികൾ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1) കുടിശ്ശികയുള്ള വാടകക്കെട്ടിടങ്ങളുടെ വാടകയും, ബാധകമായ ജി.എസ്.റ്റിയും പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) എല്ലാ വാടകക്കാരുമായി നിർദിഷ്ട മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ (മുനിസിപ്പൽ സെക്രട്ടറി) വാടക കരാറിൽ ഏർപ്പെടുന്നതിലേക്കായി ഒപ്പ് രേഖപ്പെടുത്തി, മുനിസിപ്പാലിറ്റിയുടെ പൊതുമുദ്ര പതിപ്പിക്കേണ്ടതാണ്.

3) കെട്ടിട നമ്പർ, ലേലം നടന്ന തീയതി, വാടകക്കാലയളവ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, മാസവാടക അടവാക്കിയ രസീത് നമ്പർ, തീയതി തുടങ്ങിയ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി വാടക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

4) വാടകയുടെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5) മേൽ സൂചിപ്പിച്ച 10 വാടകക്കാരുമായുള്ള കരാർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

6) കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടക സംബന്ധിച്ച എല്ലാ വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-20 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക -

സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം മുനിസിപ്പാലിറ്റിയുടെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	കെട്ടിട നം.	കാലയളവ്	കുടിശിക
1	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	1/44/A(UA)	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	14,11,400.00
2	റിലയൻസ് ടവർ	7/51 A(UA)	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	4,99,905.00
3	ഭാരതി സെല്ലുലാർ ലിമിറ്റഡ്, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	7/132	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	107458.00
4	വെയർലെസ് ടാറ്റാ ടെലികോം ഇൻഫോ ലിമിറ്റഡ്.	17/147	2013 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	50133.00

5	ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ്.	7/171A(UA)	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	499905.00
6	ബിഎസ്എൻഎൽ ടവർ	8/308A(UA)	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	499905.00
7	ഇൻഡസ് ടവർ	13/239A1(UA)	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	499905.00
8.	റിലയൻസ് ടവർ	13/239B1(UA)	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	499905.00
9.	ബിഎസ്എൻഎൽ, ടവർ	13/239 /C1(UA)	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	499905.00
10	റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്.	15/122 /A1(UA)	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	499905.00
11	വെയർലെസ് ടാറ്റാ ടെലികോം ഇൻഫോ ലിമിറ്റഡ്.	19/288A	2013 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	50133.00
12	വെയർലെസ് ടാറ്റാ ടെലികോം ഇൻഫോ ലിമിറ്റഡ്.	29/298	2016 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	45482.00
13	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്.	30/165/A	2021രണ്ടാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ.	38044.00

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/16.01.2025) മറുപടിയായി, മൊബൈൽ ടവർ ഉടമകൾക്ക് കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ഇവരെയെല്ലാം നേരിൽ കണ്ട് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ഹാജരാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങൾക്ക് എതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

1-21 ആംബുലൻസ് വാടക - അപാകതകൾ

ഏലൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള KL 41 R 2675, KL 41 F 2387 എന്നീ രണ്ട് വാഹനങ്ങളുടെ 2023-24 സാമ്പത്തിക വർഷത്തെ ആംബുലൻസ് വാടക ഇനത്തിലുള്ള വരവിന്റെ പരിശോധനയ്ക്കായി, ലഭ്യമാക്കിയ രജിസ്റ്ററുകളും, ഫയലുകളും, മാനുവൽ രസീത് ബുക്കുകളും, ലോഗ്ബുക്കുകളും പരിശോധിച്ചതുപ്രകാരം താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. KL 41 R 2675 എന്ന നമ്പറിലുള്ള വാഹനം മാത്രമാണ് 2023-24 സാമ്പത്തിക വർഷം ആംബുലൻസ് സേവനത്തിനായി വാടകയ്ക്ക് നൽകിയിട്ടുള്ളത്.

KL 41 F 2387 എന്ന നമ്പറിലുള്ള വാഹനം പ്രസ്തുത വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടില്ല.

2. ആംബുലൻസ് ഉപയോഗിക്കുന്ന ഗുണഭോക്താക്കളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്താതെ, " ആംബുലൻസ് റെന്റ് "എന്ന് മാത്രം രേഖപ്പെടുത്തി കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നു.

3. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം ഡെയ് ലി കളക്ഷൻ തുക അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ നഗരസഭയിൽ അടവാക്കേണ്ടതാണെന്നിരിക്കെ, രണ്ട് മാസത്തിലധികം വരെ വൈകിയാണ് ആംബുലൻസ് വാടക കളക്ഷൻ തുക നഗരസഭയിൽ അടവാക്കിയിട്ടുള്ളത്.

4. KL 41 R 2675 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചത് പ്രകാരം 13.12.2023 മുതൽ 30.03.2024 വരെ ഈ വാഹനം വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും, ഈ കാലയളവിൽ ഗുണഭോക്താവിൽ നിന്നും, കൈപ്പറ്റ് രസീത് നൽകാതെ വാടക കളക്ട് ചെയ്യുകയും, തുക ₹16200.00, രസീത് നം. M071000-23000682/15.02.2024-ൽ രഞ്ജിത്ത്, ആംബുലൻസ് ഡ്രൈവർ, ഏലൂർ എന്നയാൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തതിന്റെ രേഖകളൊന്നും(ഏത് തീയതി മുതൽ - ഏത് തീയതി വരെ വാടകയിനത്തിലായി കളക്ട് ചെയ്തതാണെന്നോ, ആരുടെയെല്ലാം പക്കൽ നിന്ന്, എത്ര രൂപാ വീതം കളക്ട് ചെയ്തതാണെന്നോ, ഉള്ള വിവരങ്ങൾ) തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മാത്രവുമല്ല 15.02.2024 മുതൽ 30.03.2024 വരെ ആംബുലൻസ് വാടകയ്ക്ക് നൽകിയതിൽ നിന്നുള്ള വരുമാനം ഒന്നും തന്നെ മുനിസിപ്പാലിറ്റി ഫണ്ടിലേക്ക് അടവാക്കിയിട്ടുമില്ല.

5. വാർഷികധനകാര്യപത്രിക പ്രകാരം 2023-24 സാമ്പത്തികവർഷം ₹95700.00 ആണ് ആംബുലൻസ് വാടകയിനത്തിലുള്ള വരുമാനം. എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം ₹84900.00 ആണ് വാടകയിനത്തിലുള്ള വരുമാനമായി ലഭ്യമായിരിക്കുന്നത്, ₹10800.00 കുറവ് കാണുന്നു.

6. ആംബുലൻസ് വാടക 20 കിലോമീറ്ററിന് ₹400.00-യും അതിനുശേഷമുള്ള ഓരോ കിലോമീറ്ററിനും ₹10.00 വീതവും ഈടാക്കേണ്ടതാണെന്ന് 11.12.2023 ലെ 16/1 കമ്മിറ്റി തീരുമാനം നിലവിലുണ്ട്. എന്നാൽ ആംബുലൻസിന്റെ ഉപയോഗം സംബന്ധിച്ച് ബൈലോ നിലവിലുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.25/16.01.2025), മറുപടിയായി, KL41F 2387 എന്ന നമ്പറിലുള്ള വാഹനം പ്രസ്തുത വർഷത്തിൽ അറ്റകുറ്റപണിക്കായി വർക്ക് ഷോപ്പിലായിരുന്നതിനാൽ വാടകയ്ക്ക് നൽകിയിട്ടില്ലായെന്നും, കെ സ്മാർട്ടിന്റെ ട്രയൽ റൺ നടന്നിരുന്നതുകൊണ്ടാണ് വാടകയിനത്തിലുള്ള വരവ് യഥാസമയം നഗരസഭാ ഫണ്ടിൽ അടവാക്കുവാൻ കഴിയാതിരുന്നതെന്നും അറിയിക്കുകയുണ്ടായി.

മേൽ പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് താഴെ ചേർക്കുന്ന പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ആംബുലൻസ് ഉപയോഗിക്കുന്ന ഗുണഭോക്താക്കളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി ആംബുലൻസ് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2. ആംബുലൻസ് വാടക രസീത് മുഖേന പിരിച്ചെടുക്കേണ്ടതും, കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ലഭിക്കുന്ന തുക മുഴുവനും യഥാസമയം നഗരസഭാ ഫണ്ടിൽ വരവ് വെയ്ക്കപ്പെടുന്നുണ്ടെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. ആംബുലൻസ് വാടകയ്ക്ക് എടുക്കുന്ന ഗുണഭോക്താക്കളിൽ നിന്നും തുക ₹16200.00, (രസീത് നം. M071000-23000682/15.02.2024) പിരിച്ചെടുത്തതിന്റെ രേഖകളും (ഏത് തീയതി മുതൽ - ഏത് തീയതി വരെ വാടകയിനത്തിലായി കളക്ട് ചെയ്തതാണെന്നോ, ആരുടെയെല്ലാം പക്കൽ നിന്ന്, എത്ര രൂപാ വീതം കളക്ട് ചെയ്തതാണെന്നോ, ഉള്ള വിവരങ്ങൾ), 15.02.2024 മുതൽ 30.03.2024 വരെ ആംബുലൻസ് വാടകയ്ക്ക് നൽകിയതിൽ നിന്നും ലഭിച്ചിരിക്കുന്ന വരുമാനത്തിന്റെ വിശദവിവരങ്ങളും, രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4. വാർഷികധനകാര്യപത്രിക പ്രകാരമുള്ള ആംബുലൻസ് വാടക വരവും, കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള വരവും തമ്മിൽ ₹10800.00 -ന്റെ കുറവ് കാണുന്നു. വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5. ആംബുലൻസിന്റെ ഉപയോഗം സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആംബുലൻസ് വാടകയിനത്തിലുള്ള വരവിന്റെ മുഴുവൻ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കാതിരുന്നതിനാൽ, 2023-24 സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ ലഭ്യമായ വരവിന്റെ കൃത്യത, ഓഡിറ്റിൽ ഉറപ്പുവരുത്താനായിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആംബുലൻസ് വാടകയിനത്തിലുള്ള വരവിന്റെ മുഴുവൻ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കാതിരുന്നതിനാൽ 2023-24 സാമ്പത്തിക വർഷം പ്രസ്തുതയിനത്തിൽ ലഭ്യമായ വരവിന്റെ കൃത്യത ഓഡിറ്റിൽ ഉറപ്പ് വരുത്താനായിട്ടില്ല.

1-22 വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1. സ.ഉ (കൈ) നം.77/2023/LSGD തീ.22.03.2023, പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഏലൂർ മുനിസിപ്പാലിറ്റിയിൽ വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനായി 10.08.2023ൽ കൂടിയ നഗരസഭാ കൗൺസിൽ (തീരുമാനം നം.8) തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, മുനിസിപ്പാലിറ്റിയിലെ മുഴുവൻ കെട്ടിടങ്ങളുടേയും വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഇപ്രകാരം പഴയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന് ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പേര്	കെട്ടിട നം.	ഉപയോഗം/പഴയനിരക്ക് (₹) (വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്ന നിരക്ക്)	പുതിയ നിരക്ക്(₹) (വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്ന നിരക്ക്)
1.	ഷൈൻ എ.ബി, അരയ്ക്കാട്ടുകുഴി, ഏലൂർ നോർത്ത്.	1/2A	6/-	9/-
2.	ഇൻഡസ് ടവേഴ്സ്	20/A6	500/-	700/-
3.	സുബൈർ കെ.എം.	21/9A	6/-	9/-

2. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തേണ്ടതിനായി പ്രസ്തുത കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയിട്ടില്ല.

3. 2023-24 സാമ്പത്തികവർഷത്തെ വാർഷികധന കാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതി ഇനത്തിൽ താഴെ ചേർക്കുന്ന പ്രകാരം കുടിശ്ശിക ഉണ്ട്.

ഇനം	കുടിശ്ശിക
വസ്തുനികുതി (തൻവർഷം)	4,397,957.00
വസ്തുനികുതി (അരിയേഴ്സ്)	7,931,537.00
ആകെ	1,23,29,494.00

മേൽപറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (01/07.01.2025) മറുപടിയായി അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, വസ്തുനികുതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1. മേൽസൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി (പാർപ്പിടാവശ്യം & പാർപ്പിടേതരം) പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുവാൻ വേണ്ട നടപടി

സ്വീകരിക്കേണ്ടതാണ്.

2. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തേണ്ടതിനായി നം.77/2023/LSGD തീ.22.03.2023, പ്രകാരം നിയമഭേദഗതി വന്നിട്ടുള്ളതിനാൽ, കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3. വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിട നികുതിയിനത്തിലെ തൻവർഷത്തെയും, മുൻ വർഷങ്ങളിലെയും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ₹1,23,29,494.00 ആണ്. മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സത്വര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-23 വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി-അപാകത

പ്രോജക്ടിന്റെ നമ്പർ/ പേര്	167/24 വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി
അടങ്കൽ	40000/-(തനത് ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് വിവരം	36220/-(ചെക്ക് നമ്പർ/തീയതി-002030/21.12.23)

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു

1. 50 പേരുടെ ഈ പരിശീലനപരിപാടിയിൽ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കുകയും ഏറ്റവും ചുരുങ്ങിയത് 30 പേരെയെങ്കിലും പങ്കെടുപ്പിക്കുകയും പദ്ധതി തുക IHRD യ്ക്ക് കൈമാറുകയും ചെയ്യേണ്ടതാണ്. എന്നാൽ 29 പേർ മാത്രമാണ് പങ്കെടുത്തത്.

2. നഗരസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 56 പേരാണ് ഉൾപ്പെടുന്നത്. എന്നാൽ ഹാജർ രേഖകളനുസരിച്ച് പരിശീലനത്തിൽ പങ്കെടുത്ത 29 പേരിൽ 50% പേർ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്.

3. പരിശീലനാർത്ഥികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നത് നഗരസഭയുടെ ഉത്തരവാദിത്വമാണ്. ചായയും സ്നാക്സും നൽകുന്നതിന് തുക വകയിരുത്തേണ്ടത് ജില്ലാ പഞ്ചായത്താണ്. എന്നാൽ അഞ്ചു ദിവസം ചായയും സ്നാക്സും നൽകിയ വകയിൽ ₹ 12000.00 നൽകിയിട്ടുണ്ട്. ചെലവായ തുക ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭിച്ചത് സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

4. ഏതു വിഷയത്തിലാണ് പരിശീലനം നൽകിയതെന്നോ പരിശീലകർ ആരെന്നോ വിശദമാക്കുന്ന ഷെഡ്യൂളോ, വിവരങ്ങളോ ഫയലിലില്ല.

5. പരിശീലനം പൂർത്തിയാക്കുന്ന ഗുണഭോക്താക്കൾക്ക് ഐ.എച്ച്.ആർ.ഡിയും ജില്ലാ ആസൂത്രണ സമിതി ചെയർമാനും ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണെന്ന് പ്രോജക്റ്റിൽ പറയുന്നുണ്ടെങ്കിലും സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകളില്ല.

6. പ്രോജക്ട് പൂർത്തികരിച്ചതിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി-3/07.01.2025) മറുപടി ലഭ്യമാക്കിയിരുന്നു. മറുപടിയിൽ വ്യക്തമാക്കിയതിൻ പ്രകാരം പരിശീലനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റ് IHRD നേരിട്ട് നൽകിയെന്നാണ്. ആയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ, അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടി ഏറ്റെടുക്കുന്നത് ശരിയായ നടപടി അല്ല. പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

1-24 കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ -999082/-തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ നമ്പർ/ പേര്	103/24 കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ
അടങ്കൽ	10,00,000(വികസനഫണ്ട്-സിഎഫ്.സി ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് വിവരം	999082/- (യു.ടി.ആർ നമ്പർ/തീയതി-24024027090/24.01.24)

ഏലൂർ നഗരസഭാ സെക്രട്ടറി 2023-24 സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിന് തുക അനുവദിച്ചതിന് 999082/- നൽകിയിരുന്നു. എന്നാൽ നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/07.01.2025) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-25 പെൻഷൻ വിതരണം - ഗുണഭോക്താവിന്റെ മരണശേഷവും തുക അക്കൗണ്ടിൽ നിക്ഷേപിച്ചു

ഏലൂർ മുനിസിപ്പാലിറ്റിയിലെ മരണ റിപ്പോർട്ട് രജിസ്റ്റർ ആസ്പദമാക്കി സേവന സോഫ്റ്റ് വെയർ മുഖേന പെൻഷൻ വിതരണം പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ മരണശേഷവും തുക അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്/ ആധാർ നം.	മരണപ്പെട്ട തീയതി/ പെൻഷൻ ഇനം	പ്രതിമാസംനിക്ഷേപിച്ച തുക(₹)/മാസം	റിമാർക്സ്
1.	രാധകൃഷ്ണൻപിള്ള എ.ബി. 941975810416	27/02/2024 വാർദ്ധക്യകാല പെൻഷൻ	1600.00 (2024 മാർച്ച് മുതൽ ഓഗസ്റ്റ് വരെ)	ഗുണഭോക്താവിന്റെ മരണ ശേഷവും അക്കൗണ്ടിൽ തുക നിക്ഷേപിച്ചു
2.	അമ്മിണികുഞ്ഞപ്പൻ വി. ടി. 776837680487	12/02/2024 വിധവപെൻഷൻ	1600.00 (2024 മാർച്ച് മുതൽ ഓഗസ്റ്റ് വരെ)	ഗുണഭോക്താവിന്റെ മരണ ശേഷവും അക്കൗണ്ടിൽ തുക നിക്ഷേപിച്ചു
3.	രോഹിണി 302547795107	12/12/2023 വാർദ്ധക്യകാല പെൻഷൻ	1600.00 (2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ)	ഗുണഭോക്താവിന്റെ മരണ ശേഷവും അക്കൗണ്ടിൽ തുക നിക്ഷേപിച്ചു
4.	തങ്കപ്പൻ എം.എൻ. 690426050514	09/02/2024 വാർദ്ധക്യകാല പെൻഷൻ	1600.00 (2024 മാർച്ച് മുതൽ ഓഗസ്റ്റ് വരെ)	ഗുണഭോക്താവിന്റെ മരണ ശേഷവും അക്കൗണ്ടിൽ തുക നിക്ഷേപിച്ചു
5.	നാരായണൻ കെ.ജി.	28/12/23	1600.00 (2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ)	ഗുണഭോക്താവിന്റെ മരണ ശേഷവും അക്കൗണ്ടിൽ തുക നിക്ഷേപിച്ചു

നഗരസഭയിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണത്തിൽ സംഭവിച്ചിരിക്കുന്ന അപാകത മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നും പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം, മരണപ്പെട്ട വ്യക്തി(സർക്കുലർ നം.63/2021/ധന തീയതി 02.08.2021) സ്ഥിരതാമസമാക്കിയിട്ടുള്ള

പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്ക് മുൻപ് അറിയിച്ചിട്ടുണ്ടോയെന്നും ഉറപ്പാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/13.01.2025) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.

അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരികെ ഈടാക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 ഏലൂർ നഗരസഭയിൽ മാലിന്യ നിക്ഷേപം തടയുന്നതിന് സി.സി ടിവി ക്യാമറകൾ സ്ഥാപിച്ചതിലെ അപാകത

പ്രോജക്ടിന്റെ നമ്പർ/ പേര്	376/24 മാലിന്യ നിക്ഷേപം തടയുന്നതിന് സി.സി ടി.വി ക്യാമറ സ്ഥാപിക്കൽ
അടങ്കൽ	20,00,000/-(വികസന ഫണ്ട് സി.എഫ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ
ചെലവ് വിവരം	₹945046/-(C032490365494/31.03.2024)

ഏലൂർ നഗരസഭയുടെ പരിധിയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പൊതു നിരത്തുകളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തി തടയുന്നതിനും 40ലക്ഷം രൂപ വകയിരുത്തി 2 പ്രോജക്ടുകളിലായി സി.സി. ടി.വി സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ഇ-ടെൻഡർ നടത്തിയതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ SNB Technologies PVT Ltd എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ക്യാമറ സ്ഥാപിക്കൽ പ്രവൃത്തി നടത്തുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ക്യാമറകൾ സ്ഥാപിക്കുന്നതിന് LID&EW ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തിയത്. ഇതിന് ₹41492/- റെമ്യൂണറേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എം-ബുക്ക് പരിശോധിച്ചതിൽ ഫേസ് ഡിറ്റക്ഷൻ ആന്റ് റെക്കഗ്നിഷൻ ഹ്യമൺ ആന്റ് വെഹിക്കിൾ ക്ലാസിഫിക്കേഷൻ സാധ്യമാകുന്ന ക്യാമറകൾ സ്ഥാപിക്കുന്നതിനാണ് വർക്ക് ഓർഡർ നൽകിയതെങ്കിലും രാത്രിയും പകലും വാഹനങ്ങളുടെ നമ്പർ വ്യക്തമായി തിരിച്ചറിയുന്ന ക്യാമറയല്ല സ്ഥാപിച്ചിരിക്കുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ക്യാമറ സ്ഥാപിച്ച സ്ഥാപനത്തിന് കത്ത് നല്കിയതായി ഫയലിൽ രേഖപ്പടുത്തിയിട്ടുണ്ട്. LID&EW ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനിയർ മേൽ പ്രവൃത്തി ശരിയായ രീതിയിൽ പരിശോധിച്ചതായി കാണുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. മേൽ പ്രവൃത്തിയുടെ ഇൻവോയ്സ് ബിൽ(INV-301860/15.03.2024) ₹1958188/-യാണ്. എന്നാൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് ഫണ്ടില്ലാത്തതിനാലാണ് പ്രവൃത്തി ചെയ്തതിന് മുഴുവൻ തുകയും അനുവദിക്കാതിരുന്നത്. കൂടാതെ ടെക്നിക്കൽ വിദഗ്ദരുടെ ആവശ്യമുള്ള മേൽ പ്രവൃത്തി ഹെൽത്ത് സൂപ്പർവൈസർ നടപ്പിലാക്കിയതിനാൽ പ്രവൃത്തിയുടെ പോരായ്മ വിലയിരുത്താൻ കഴിഞ്ഞിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ കൃത്യമായി വിലയിരുത്താൻ കഴിയാതെ പോയതിനാൽ സ്ഥാപിച്ച ക്യാമറകൾ ഉപയോഗ പ്രദമല്ലായെന്ന് വിലയിരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചില്ല.

2) എം ബുക്ക് (22/2024-25)പ്രകാരം ഓരോ പോൾ സ്ഥാപിച്ച് അതിലാണ് ക്യാമറകൾ സ്ഥാപിക്കേണ്ടത്. എന്നാൽ ഇതിന് പകരം KSEBയുടെ പോസ്റ്റുകളിലും മറ്റു തൂണുകളിലുമാണ് സ്ഥാപിച്ചതെന്നും പല ക്യാമറകളും വിഷ്വൽസ് ലഭിക്കുന്ന തരത്തിലല്ലാ സ്ഥാപിച്ചിരിക്കുന്നതെന്നും ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(35/16.01.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനവുമായിട്ടുള്ള കരാർ റദ്ദാക്കുന്നതിന് നഗരസഭാ കൗൺസിലിൽ വിഷയം അവതരിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുഴുവൻ തുകയും നൽകാത്തതിനാൽ കരാറുകാരനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

1-27 ഐ.കെ.എം ന് നഗരസഭാ വിഹിതം നൽകിയത്-149691/-തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ നമ്പർ/ പേര്	01/24ഐ.കെ.എം ന് നഗരസഭാ വിഹിതം നൽകിയത്
അടങ്കൽ	149691/-(വികസനഫണ്ട്-ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് വിവരം	149691/-(യു.ടി.ആർ നമ്പർ/തീയതി-1742318394867/22.06.23)

ഏലൂർ നഗരസഭാ സെക്രട്ടറി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഐ.കെ.എം ന് നഗരസഭാ വിഹിതം നൽകിയത് എന്ന പ്രോജക്ടിന് തുക അനുവദിച്ചതിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/07.01.2025)മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ₹149691/- തടസ്സപ്പെടുത്തുന്നു.

1-28 ബയോബിൻ കമ്പോസ്റ്റർ ബിൻ - അപാകത

പ്രോജക്ടിന്റെ നമ്പർ/ പേര്	305/24 ബയോബിൻ കമ്പോസ്റ്റർ ബിൻ
അടങ്കൽ	36,00,000/-(കേന്ദ്രാവിഷ്കൃത ഫണ്ട്-1260000 സംസ്ഥാന ആവിഷ്കൃത ഫണ്ട്-838800 ഗുണഭോക്തൃ വിഹിതം 360000 വികസന ഫണ്ട് സി.എഫ്.സി-1141200)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ
ചെലവ് വിവരം	793842/-(002354/01-06-2023)

നഗരസഭയുടെ 2023-24 സാമ്പത്തിക പദ്ധതിയിൽ മാലിന്യ സംസ്കരണത്തിനായി ഗാർഹിക ഗുണഭോക്താക്കൾക്ക് ബയോകമ്പോസ്റ്റിംഗ് ബിന്നുകൾ വിതരണം ചെയ്യുന്നതിന് 11.01.2024ലെ പ്രോക്യൂർമെന്റ് കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം IRTC യിൽ നിന്നും യൂണിറ്റിന് 2128 /- നിരക്കിൽ 574 കമ്പോസ്റ്റിംഗ് ബിന്നുകൾ വാങ്ങുന്നതിന് തീരുമാനിച്ചു. ഇതിന് ആകെ തുക 855260/- യാണ്. തുകയുടെ 65% ആയ 793842/- ശുചിത്വ മിഷൻ ഫണ്ട് തനത് ഫണ്ടിൽ വന്നത് സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകത കാണുന്നു.

1) 574 കമ്പോസ്റ്റിംഗ് ബിന്നുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് ബിന്നുകൾ നൽകിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തിയതായി ഫയലിൽ കാണുന്നില്ല. പദ്ധതിയുടെ തുടർനടപടികൾ മോണിറ്റർ ചെയ്യേണ്ടതാണ്.

2)ചെലവഴിച്ച തുകയിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/16.01.2025) ലഭ്യമാക്കിയ മറുപടിയിൽ സ്വച്ചഭാരത് മിഷന്റെ ഫണ്ട് ഉൾപ്പെടുന്നതിനാൽ ഗുണഭോക്തൃവിഹിതം നിർബന്ധമില്ലായെന്നാണ്. അപ്രകാരം ആണെങ്കിൽ പ്രോജക്ട് റിവൈസ് ചെയ്ത് അംഗീകാരം ലഭ്യമാക്കേണ്ടതായിരുന്നു. ഇത്തരം അപാകതകൾ ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-29 വെള്ളക്കരം കുടിശ്ശിക -₹1,76,892/-രൂപ അടവാക്കി

ഏലൂർ നഗരസഭയിലെ മാവേലി സ്റ്റോർ, മഞ്ഞുമ്മൽ എന്ന പേരിൽ 29.08.12ൽ എടുത്ത വാട്ടർ കണക്ഷന്റെ (ELR/4389/N) 24.06.2022 വരെയുള്ള കുടിവെള്ളക്കരം ഒറ്റ തവണ തീർപ്പാക്കുന്നതിന്റെ ഭാഗമായി ₹176892/- അടവാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നമ്പർ 003959/BOB തീയതി 21.06.2023 പ്രകാരം ₹176892/- അടവാക്കിയിട്ടുണ്ട്. ഇത്രയും തുക അടവാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. കുടിവെള്ളം ഉപയോഗിക്കുന്നതിന് തുക ഓരോ മാസവും അടവാക്കാതിരുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമല്ല. മേൽ തുക ധനകാര്യപത്രികയിൽ ബാധ്യതയായി രേഖപ്പെടുത്തിയതായും കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/09.01.2025) ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി ഒഴിവാക്കുന്നതിനാണ് തുക അടവാക്കിയത് എന്ന് വ്യക്തമാക്കിയിരുന്നു. വാട്ടർ ചാർജ് ബിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാതിരുന്നതാണ്, ബിൽ തുക അടവാക്കാൻ കഴിയാതിരുന്നത് എന്നും വ്യക്തമാക്കിയിരുന്നു. ഇത്തരം

അപാകത ഭാവിയിൽ ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ വെള്ളക്കരം സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കുകയും കുടിശ്ശിക വിവരങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം രേഖകൾ ഇല്ലാത്തതിനാലാണ് നഗരസഭയ്ക്ക് അനാവശ്യ ബാധ്യതകൾ ഉണ്ടായത്.

1-30 മുറ്റത്തൊരു മീൻതോട്ടം-തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
പ്രോജക്ട് നമ്പർ/പേര്	179/24, മുറ്റത്തൊരു മീൻതോട്ടം
അടങ്കൽ	₹40,000 വികസന ഫണ്ട്, ജനറൽ ₹60,000 ഗുണഭോക്തൃ വിഹിതം, നേരിട്ട് ചെലവഴിക്കുന്നത് ആകെ ₹1,00,000
ചെലവ്	₹16,000 വികസന ഫണ്ട്, ജനറൽ ₹24,000 ഗുണഭോക്തൃ വിഹിതം, നേരിട്ട് ചെലവഴിച്ചത് ആകെ ₹40,000
ബിൽ നമ്പർ/തീയതി	350/22-01-2024 – ₹16,000

വിഷരഹിതമായ മത്സ്യം പ്രാദേശികമായി ഉല്പാദിപ്പിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അര സെന്റ് വിസ്തീർണമുള്ള കുളം നിർമ്മിച്ച് 20 ചതുരശ്ര മീറ്റർ വിസ്തീർണത്തിലും 150 സെ.മീ. ആഴത്തിലും കുഴിയെടുത്ത് പടുത വിരിക്കൽ, അടിത്തട്ടൊരുക്കൽ, 125 സെ.മി. ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല/വേലി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ച് മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. 2 ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കുന്നതിനായി ₹8000 വീതം ആകെ 16,000 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പദ്ധതി നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി.28.05.22 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 ഉപഖണ്ഡിക 13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. ധനസഹായം അനുവദിച്ച 2 ഗുണഭോക്താക്കൾക്കും കുളം നിർമ്മാണത്തിന് അർഹമായ മുഴുവൻ തുകയും ധനസഹായം ആയി അനുവദിച്ചിട്ടുണ്ട്. കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമല്ല.

2. ഗുണഭോക്താക്കൾക്ക് ആവശ്യമായ മത്സ്യ വിത്ത് ഫിഷറീസ് വകുപ്പിൽ നിന്നും സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്ന് 28.05.2022 ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ലഭ്യമാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 ഉപഖണ്ഡിക 13 A(7) പ്രകാരം മത്സ്യ കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഇപ്രകാരം മത്സ്യ കൃഷി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. സബ്സിഡി അനുവദിച്ച മീൻതോട്ടങ്ങളിൽ കൃഷി ആരംഭിച്ചതിന്റെ വിവരങ്ങളോ നിർവ്വഹണ പുരോഗതി വിലയിരുത്തിയ വിവരങ്ങളോ പദ്ധതി ഫലപ്രാപ്തിയിൽ എത്തിയതിന്റെ വിവരങ്ങളോ മോണിട്ടറിംഗ് റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (27/16.01.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഭാവിയിൽ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ

നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതും മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-31 വനിതാ വ്യക്തിഗത സ്വയം തൊഴിൽ- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. ₹1,61,138 തടസ്സം.

പ്രോജക്ടിന്റെ നം, പേര്	355/24, സ്വയം തൊഴിൽ വനിത- വ്യക്തിഗതം (സ്പിൽഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
അടങ്കൽ/ ഫണ്ട്	1)₹10,80,000 (വികസന ഫണ്ട് - ജനറൽ)
ചെലവ്	1) ₹4,50,125 (വികസന ഫണ്ട് - ജനറൽ)

മേൽ പ്രോജക്ട് പ്രകാരം വനിതാ വ്യക്തിഗത സ്വയം തൊഴിൽ സംരംഭത്തിനു ധനസഹായമായി ചുവടെ ചേർക്കും പ്രകാരം 6 ഗുണഭോക്താക്കൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	വാർഡ് നമ്പർ	സംരംഭം	ബിൽ/ ലോൺ തുക	സബ്സിഡി നൽകിയ തുക ₹ (75% പരമാവധി 90,000)	ബിൽ നമ്പർ, തീയതി
1	ബിൻസി ഷാജി	31	റയാൺ കളക്ഷൻസ്	1,11,785	88,388	53/06.07.23
2	കുമാരി കൃഷ്ണ	1	ടെയ്‌ലറിംഗ് ഷോപ്പ്	34,317	25,737	53/06.07.23
3	ഫസീല	1	ത്രീസ്റ്റാർ ഫുഡ്& സ്പൈസസ്	1,20,000 (ലോൺ)	90,000	96/02.08.23
4	റമീന	31	ഐഷാസ് ഫുഡ് പ്രോഡക്ട്സ്	1,20,000 (ലോൺ)	90,000	96/02.08.23
5	ഖദീജ	2	ടെയ്‌ലറിംഗ് ഷോപ്പ്	1,11,000 (ലോൺ)	83,250	307/28.12.23
6	ബീന പവിത്രൻ	2	അച്ചാർ നിർമ്മാണം	97,000 (ലോൺ)	72,750	587/24.03.24
ആകെ					4,50,125	

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീ.28/05/2022) ഖ. 6.5.2(എ) ക്രമ നം. 2 പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് (വനിതാ വ്യക്തിഗതം) 75% (പരമാവധി 90,000/- രൂപ) സബ്സിഡി അനുവദിക്കാവുന്നതാണ്. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതും വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്കും വായ്പാബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിനു ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലും സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. വനിതാ വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നതിനാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്രമ നമ്പർ 3,4 പ്രകാരമുള്ള ഗുണഭോക്താക്കളായ ശ്രീമതി ഫസീല, റമീന എന്നിവർക്ക് ലഭ്യമായ ക്വട്ടേഷൻ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ചെലവായ തുകയുടെ ബിൽ/ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ക്വട്ടേഷൻ സ്വീകരിച്ച സ്ഥാപനങ്ങളുമായുള്ള കരാർ എന്നീ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2) ക്രമ നമ്പർ 4,5,6 പ്രകാരമുള്ള ഗുണഭോക്താക്കളായ റമീന, ഖദീജ, ബീനപവിത്രൻ എന്നിവർക്ക് വായ്പ തുക അക്കൗണ്ടിൽ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ വായ്പ ലഭിച്ചതിന്റെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

3) ക്രമ നമ്പർ 2,3,4,6 പ്രകാരമുള്ള ഗുണഭോക്താക്കൾ സംരംഭങ്ങൾ ആരംഭിച്ചത് സംബന്ധിച്ചോ അതിന്റെ പ്രവർത്തനം സംബന്ധിച്ചോ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മോണിട്ടറിംഗ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഫലപ്രാപ്തിയോടെ നിറവേറ്റപ്പെടുന്നുണ്ടോയെന്നത് നിരീക്ഷിക്കേണ്ടതാണ്. പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമനഘട്ടത്തിലും പൂർത്തീകരണശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും ഇത്തരത്തിലൊരു ഇടപെടൽ നടത്തിയതായി കാണാൻ കഴിഞ്ഞില്ല.

5) ഓഡിറ്റിൽ പരിശോധനയ്ക്കായി മുഴുവൻ ചെലവുരേഖകളും ലഭ്യമാക്കുന്നതിന് എൻക്വയറി (28/16.01.25) നൽകുകയും, മേൽ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിക്കുന്നില്ലെന്നും ഗുണഭോക്താക്കളിൽ നിന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് കളക്ട് ചെയ്ത് പരിശോധനയ്ക്ക് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയതിനെ തുടർന്ന് ഓഡിറ്റിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനോടൊപ്പം 17.01.2025-ൽ നടത്തിയ ഭൗതിക പരിശോധനയിൽ ക്രമ നമ്പർ 1, 6 പ്രകാരമുള്ള ഗുണഭോക്താക്കളായ ബിൻസി ഷാജി, ബീനപവിത്രൻ എന്നിവരുടെ സംരംഭങ്ങൾ പ്രവർത്തനരഹിതമായ അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്. ബീനപവിത്രൻ നാളിതുവരെ അച്ചാർ നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രോജക്ട് പ്രകാരം ധനസഹായം ലഭിച്ച് വാങ്ങിയ സാധന സാമഗ്രികൾ വീട്ടാവശ്യത്തിന് ഉപയോഗിക്കുന്നതായാണ് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടത്. ബിൻസി ഷാജിയുടെ സംരംഭമായ റയാൺ കളക്ഷൻസ് പ്രവർത്തന രഹിതമാണെന്ന് മാത്രമല്ല, ധനസഹായമായി ലഭിച്ച തുക കൊണ്ട് നിർമ്മിച്ച ഷെഡ് നിലവിൽ പൊടിപിടിച്ച് വൃത്തിഹീനമായും പേർഷ്യൻ ക്യാറ്റിനെ വളർത്തുന്നതിനും ഉപയോഗിക്കുന്നു. സ്ഥാപനത്തിലേക്ക് പ്രവേശിക്കുന്ന സ്ഥലം നിറയെ പുൽപ്പടർന്ന അവസ്ഥയിലുമാണ്. ഇതിൽ നിന്നും സ്ഥാപനം ഏറെ നാളായി പ്രവർത്തനരഹിതമാണെന്ന് വ്യക്തമാണ്. റയാൺ കളക്ഷൻസിന്റെ ചിത്രം ചുവടെ കൊടുക്കുന്നു.

റയാൺ കളക്ഷൻസിന്റെ പുറമേയുള്ള ദൃശ്യം

റയാൺ കളക്ക്ഷൻസിന്റെ അകത്തെ ദൃശ്യം

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളിലേക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഗുണഭോക്താക്കളുടെ വായ്പ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ചെലവായ തുകയുടെ ബിൽ/ഇൻവോയിസുകൾ, ക്വട്ടേഷൻ സ്വീകരിച്ച സ്ഥാപനങ്ങളുമായുള്ള കരാർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

3) പ്രോജക്ട് പ്രകാരമുള്ള റയാൺ ഗാർമെന്റ്സ്(ബിൻസി ഷാജി), അച്ചാർ നിർമ്മാണ് യൂണിറ്റ് (ബീന പവിത്രൻ) എന്നീ വനിതാസംരംഭ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ച്, പ്രോജക്ടിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തി, ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

4) മോണിട്ടറിംഗ് കമ്മിറ്റിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥന് നൽകാവുന്നതാണ്. പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമനഘട്ടത്തിലും പൂർത്തീകരണശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്.

പ്രോജക്ട് പ്രകാരമുള്ള റയാൺ കളക്ഷൻസ്(ബിൻസി ഷാജി), അച്ചാർ നിർമ്മാണ യൂണിറ്റ് (ബീന പവിത്രൻ) എന്നീ വനിതാസംരംഭ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ച്, പ്രോജക്ടിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തി, ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നത് വരെ പ്രസ്തുത വനിതാസംരംഭ യൂണിറ്റുകൾക്ക് നൽകിയ സബ്സിഡി തുക ₹1,61,138 (88,388+ 72750) തടസ്സപ്പെടുത്തുന്നു.

1-32 വിദ്യാഭ്യാസ അവാർഡ് വിതരണം അപാകതകൾ

പ്രോജക്ട്	114/24, വിദ്യാഭ്യാസ അവാർഡ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
അടങ്കൽ	₹150000/- തനത് ഫണ്ട്
ചെലവ്	₹149977/- തനത് ഫണ്ട് ചെക്ക് നം -004554 തിയതി 22/11/24

മേൽ പ്രോജക്ട് പ്രകാരം എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ആദരം നൽകുന്ന പരിപാടി സംഘടിപ്പിക്കുകയും ആകെ ₹149977/- ചെലവായിട്ടുള്ളതുമാണ്. മൊമെന്റൊ , ക്ലോത്ത് പ്രിന്റ് ഇനത്തിൽ ₹39052/-, ചായ സ്നാക്സ് എന്നിവയ്ക്ക് ₹7800/-, 75 വിദ്യാർത്ഥികൾക്ക് ₹1375/- നിരക്കിൽ ക്യാഷ് അവാർഡിന് ₹103125/- എന്നിങ്ങനെയാണ് തുക ചെലവായിട്ടുള്ളത്.

പദ്ധതി മാർഗരേഖയിൽ നിർദ്ദേശിക്കപ്പെടാത്ത ഇത്തരം പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (5/ 07.01.25) ക്ക് , ഉയർന്ന വിജയം നേടിയ കുട്ടികളെ ആദരിക്കുന്നതിലൂടെ മറ്റ് വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം

നൽകുന്നതിനുവേണ്ടിയും തനത് ഫണ്ടിന്റെ ഒരു ചെറിയശതമാനം മാത്രമാണ് ഈ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളത് എന്ന മറുപടി ലഭ്യമാക്കി. ഇത്തരത്തിലുള്ള ചെലവുകൾ നഗരസഭയുടെ അനിവാര്യ ചുമതലയിൽപെടുന്നതല്ല എന്നു കാണുന്നു. ഭാവിയിൽ പദ്ധതി മാർഗരേഖപ്രകാരമുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-33 എഫ് എച്ച് സി-ക്ക് മരുന്ന് വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

പ്രോജക്ടിന്റെ നം, പേര്	1)461/24, പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ	2)15/24, എഫ് എച്ച് സി-യിലേക്കുള്ള മരുന്നും ലാബിലേക്കുള്ള അനുബന്ധ സാമഗ്രികൾ
അടങ്കൽ	₹2400000/- ഹെൽത്ത് ഗ്രാന്റ്	₹918980/- വികസന ഫണ്ട് ജനറൽ -₹150000, തനത് ഫണ്ട് -₹100000, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-₹668980
ചെലവ്	₹2399914/- ഹെൽത്ത് ഗ്രാന്റ്	₹875529/- വികസന ഫണ്ട് ജനറൽ -₹150000, തനത് ഫണ്ട് -₹98158, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-₹627371
ബിൽ നം/ തീയതി-തുക	1)ബിൽ നം406/14.02.24 - ₹154813/- 2)ബിൽ നം411/14.02.24 – ₹115493/- 3)ബിൽ നം445/20.02.24- ₹307849/- 4) ബിൽ നം515/21.03.24 – ₹22096/- 5) ബിൽ നം 612/26.03.24 – ₹248728/- 6) ബിൽ നം 603/25.03.24 – ₹50935 7) ബിൽ നം 639/30.03.24 –₹1500000	1) ബിൽ നം 213/08.11.23 - ₹63010/- 2) ബിൽ നം264/07.12.23 - ₹42278/- 3) ബിൽ നം336/11.01.24 - ₹44712/- 4) ചെക്ക് നം 002070/17.01.25 – ₹98158/- 5) ബിൽ നം07/08.05.23 - ₹15341/- 6) ബിൽ നം10/11.05.23 –₹ 99905/ 7) ബിൽ നം29/31.05.23 – ₹2797/ 8) ബിൽ നം42/21.06.23 – ₹30822/ 9) ബിൽ നം239/16.11.23 – ₹104614/ 10) ബിൽ നം280/19.12.23 – ₹178353/ 11) ബിൽ നം281/19.12.23 – ₹176323/ 12) ബിൽ നം294/21.12.23 – ₹14620/ 13) ബിൽ നം354/23.01.24 – ₹3440/ 14) ബിൽ നം401/12.02.24 – ₹1156/

എഫ്.എച്ച്.സി-യിലേക്ക് 2023-24 വർഷത്തിൽ മേൽ 2 പ്രോജക്ടുകളിലായി ₹1642717/ (₹848979 +793738) -ക്കുള്ള മരുന്നാണ് വാങ്ങിയിട്ടുള്ളത്. കേരള സിവിൽ സപ്ലൈസ് കോർപറേഷൻ, സർവീസ് കോപ്പറേറ്റീവ് ബാങ്ക് (കീഴില്ലം) നടത്തുന്ന നീതി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും ആണ് മരുന്ന് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.34/16.01.25) മറുപടി ലഭ്യമാക്കിയില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം. 115/2022 തസ്വഭവ തീയതി 28.05.2022 നമ്പർ ഉത്തരവിലെ ഖണ്ഡിക നമ്പർ 7.6.4(1)(i) -ൽ അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്നും KMSCL-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോ, കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതാണെന്നും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സർക്കുലർ നമ്പർ ഡിഎ1/363/2023 തസ്വഭവ തീയതി 25.10.2023-ൽ ഇപ്പോൾ കെ.എം.എസ്.സി.എൽ-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം ഉണ്ടാകാറില്ലെന്നും ഇവിടെ നിന്ന് വളരെ വില കുറച്ച് മരുന്ന് ലഭിക്കുമെന്നത് പ്രയോജനപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അത്യാവശ്യ ഘട്ടത്തിൽ മാത്രമേ മുകളിൽ പറഞ്ഞ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെയാണ് പ്രസ്തുത മരുന്ന് വാങ്ങൽ പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1-34 പാതാളം പാലം സൈഡ് ഫെൻസിംഗ് - 3,99,839/- രൂപ തടസ്സപ്പെടുത്തുന്നു. 19,497/- രൂപ നിരാകരിക്കുന്നു.

പ്രവൃത്തി	പാതാളം പാലം സൈഡ് ഫെൻസിംഗ് - വാർഡ് 3
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ഫണ്ട്	തനത് ഫണ്ട്
പ്രൊജക്ട്	S 0264/24 (S 0199/23)
എസ്റ്റിമേറ്റ്	4,00,000/- (PAC- 6,12,847)
കരാറുകാരൻ	അബ്ദുൾ ജബ്ബാർ
ആകെ ചെലവ്	3,99,839/-രൂപ ബിൽ നം. 85, 28-7-23

പാതാളം പാലത്തിന്റെ പടിഞ്ഞാറ് വശം വെയ്സറ്റ് ഇടുന്നത് ഒഴിവാക്കുന്നതിന് വേണ്ടി 95 മീറ്റർ നീളത്തിൽ ഫെൻസിംഗ് നിർമ്മിക്കുകയാണ് പ്രവൃത്തി.
പ്രവൃത്തിയിലെ ഫെൻസിംഗ് (ഫേബ്രിക്), സ്ട്രക്ച്ചറൽ സ്റ്റീൽ വർക് എന്നിവയിലെ അപാകതകൾ മൂലം 3,99,839/- രൂപ തടസ്സപ്പെടുത്തുകയും 19,497/-രൂപ നിരാകരിക്കുകയും ചെയ്യുന്നു.

ഖണ്ഡിക 3-3 കാണുക.

1-35 പുല്ലേലാൽ റോഡ് കാന നിർമാണം - അപാകതകൾ - 6,73,763/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രവൃത്തി	പുല്ലേലാൽ റോഡ് കാന നിർമാണം - വാർഡ് 22
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ഫണ്ട്	തനത് ഫണ്ട്
പ്രൊജക്ട്	S 0262/24
എസ്റ്റിമേറ്റ്	₹7,50,000
കരാറുകാരൻ	നൂറുദിൻ ടി. എച്ച്.
ആകെ ചെലവ്	Rs. 6,73,763 (ബിൽ നം. 338, 15/1/24)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 212 മീറ്റർ നീളത്തിൽ മണ്ണ് മാറ്റി കാന പണിത് സ്ലാബ് ഇടുകയാണ് പ്രവൃത്തി. ഇതിന്റെ ആകെ ചെലവ് 7,50,000/- രൂപയായിരുന്നു. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 102 മീറ്റർ നീളത്തിൽ 600mm RCC Pipe ഇടുന്നതിനും കൂടാതെ 78.4മീറ്റർ റോഡിലെ 271 എം^{2} ഏരിയ റോഡിലെ കട്ട പൊളിച്ച് മാറ്റുന്നതിനുമാണ് എസ്റ്റിമേറ്റ്.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം ചെയ്ത ചില പ്രവൃത്തികൾ താഴെ കൊടുക്കുന്നു.

1. പൈപ്പ് ഇടുന്നതിന് മണ്ണ് മാറ്റിയതിന് നൽകിയ തുക – 278.76 എം^{3}x 280/എം^{3} = ₹78,052.80/-

2. 102 മീറ്റർ നീളത്തിൽ 600mm RCC Pipe ഇടുന്നതിന് നൽകിയ തുക (OD219810/23-24)- 102.5 എം X 4348.88/എം = ₹4,45,760/-

3. ഇന്റർലോക്കിംഗ് കട്ട പൊളിച്ചെടുത്തത് (Od219812/23-24) - 246.001 എം^{2} X 135.89/എം^{2} = ₹33,429/-

4. കമ്പിയുടെ വില നൽകിയത്(12.7) 137 KG X 79.46087/KG = ₹10,886 (ഇതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മാൻ ഹോളിന്റെ RCC വാൾ പണിതിട്ടില്ല.)

ഓഡിറ്റ് പരാമർശങ്ങൾ.

1. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

2. 600mm RCC Pipe ഇടുന്നതിനും (OD219810/23-24) പ്രകാരം നിരക്ക് കണക്കാക്കിയത് ഒരു മീറ്ററിന് 4348.88 രൂപയാണ്. ഇതിൽ ഒരു മീറ്റർ പൈപ്പിന്റെ വില മാർക്കറ്റ് നിരക്ക് കണക്കാക്കിയത് 3,470/-

രൂപയാണ്. ഇത് ഇടുന്നതിന്റെ കൂലിയും കോസ്റ്റ് ഇൻഡക്സും ഉൾപ്പെടെയാണ് 4348.88 രൂപ കണക്കാക്കിയത്. പൈപ്പിന്റെ വില മാർക്കറ്റ് നിരക്ക് മീറ്ററിന് 3,470/- രൂപ കണക്കാക്കിയത് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

3. കമ്പിയുടെ തുക (12.7) 137 KG X 79.46087/KG = 10,886.14 നൽകിയിട്ടുണ്ട്. എന്നാൽ ഇത് ആവശ്യമായ ഒരു കോൺക്രീറ്റിംഗ് പ്രവൃത്തിയും ചെയ്തിട്ടില്ല. ഈ തുക നിരാകരിക്കുന്നു.

4. കാനക്ക് പകരമാണ് കോൺക്രീറ്റ് പൈപ്പ് ഉപയോഗിച്ചിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ ഇതിലെ ചെളിയും മണ്ണും മാറ്റേണ്ടത് വളരെ പ്രയാസമുള്ള കാര്യമാണ്. മാത്രമല്ല വാഹനം പോകുന്ന റോഡായതിലാൽ ഈ പൈപ്പ് പൊട്ടി പോകാനുള്ള സാഹചര്യവും നിലനിൽക്കുന്നു.

5. ഇന്റർലോക്കിംഗ് കട്ട പൊളിച്ചെടുത്തതിന് (Od219812/23-24) - 246.001 എം^{2} X 135.89/എം^{2} = 33,429.08 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗം ലഭ്യമല്ല. ഇത് പൊളിച്ച സ്ഥലത്ത് വിരിക്കാത്തതിന്റെ കാരണം വ്യക്തമല്ല. ആയതിനാൽ ഈ ഡിപ്പാർട്ട്മെന്റ് കട്ട ഉപയോഗിച്ച് ചെയ്യുന്ന അടുത്ത വർക്കിൽ ഇതിന് മുഴുവൻ തുകയും നൽകാനുള്ള സാധ്യത നിലനിൽക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/10-1-25- നുള്ള മറുപടിയിൽ RCC പൈപ്പിന്റെ വില അത് ലഭ്യമാകുന്ന മാർക്കറ്റ് ഇടങ്ങളിൽ അന്വേഷിച്ച് അവിടെ നിന്ന് ലഭിച്ച നിരക്ക് പ്രകാരമാണ് വില കണക്കാക്കിയത് എന്നും ഈ പ്രവൃത്തിയിൽ കമ്പി ഉപയോഗിച്ചത് മാൻഹോളിന്റെ RCC Wall നിർമ്മിക്കുന്നതിന് വേണ്ടിയാണെന്നും ഈ Rcc Wall തുടർന്ന് വരുന്ന പ്രോജക്ട് നം. 74/24- ൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും പറയുന്നു. എന്നാൽ പൊളിച്ചെടുത്ത ഇന്റർലോക്കിംഗ് കട്ടയുടെ വിനിയോഗം സംബന്ധിച്ചോ ഭാവിയിൽ ഇതിലെ ചെളിയും മണ്ണും മാറ്റേണ്ടത് വളരെ പ്രയാസമുള്ള കാര്യമാണ് എന്നത് സംബന്ധിച്ചോ മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി താഴെപ്പറയുന്ന കാരണങ്ങളാൽ അംഗീകരിക്കാനാവില്ല.

(1) RCC പൈപ്പിന്റെ വില എപ്രകാരം കണക്കാക്കി എന്നതിന് രേഖകളൊന്നും ഹാജരാക്കിയില്ല. ഇതിന്റെ ക്വാളിറ്റി പരിശോധിച്ചതിന്റെ രേഖകളും ഹാജരാക്കിയില്ല. ആയതിനാൽ ഇതിന്റെ ക്വാളിറ്റിയും വിലയും അന്വേഷിച്ച് മറുപടി നൽകേണ്ടതാണ്.

(2) ഈ പ്രവൃത്തിയിൽ കമ്പി ഉപയോഗിച്ചത് മാൻഹോളിന്റെ RCC Wall നിർമ്മിക്കുന്നതിന് വേണ്ടിയാണെന്നും ഈ Rcc Wall തുടർന്ന് വരുന്ന പ്രോജക്ട് നം. 74/24- ൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും മറുപടിയിൽ പറയുന്നു. എന്നാൽ മറ്റൊരു പ്രോജക്ടിനായി വേറെ ടെൻഡർ വിളിച്ച് ഏതെങ്കിലും കരാറുകാരൻ ഏതെങ്കിലും സമയത്ത് ചെയ്യുന്ന RCC Wall നിർമ്മിക്കുന്നതിന് വേണ്ടിയുള്ള കമ്പിയുടെ വില ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി ഈ കരാറുകാരന് നൽകിയത് അംഗീകരിക്കാനാകില്ല. മാത്രമല്ല അടുത്ത പ്രവൃത്തിയിലും RCC Wall നിർമ്മിക്കുന്നതിന് ആവശ്യമായ കമ്പിയുടെ വില ആ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകേണ്ടി വരുന്നതുമാണ്. ആയതിനാൽ കമ്പിയുടെ വിലയായി നൽകിയ 10,886/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

(3) മാത്രമല്ല ഇന്റർലോക്കിംഗ് കട്ട പൊളിച്ചെടുത്തതിന്റെ വില കണക്കാക്കി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഈ പ്രവൃത്തിയുടെ മുഴുവൻ തുകയും 6,73,763/- തടസ്സപ്പെടുത്തുന്നു.

1-36 ഫ്രാങ്ക്ലിൻ ഗാർഡൻ കാന മെയിന്റനൻസ് - 47286/-രൂപ നിരാകരിക്കുന്നു.

പ്രവൃത്തി	ഫ്രാങ്ക്ലിൻ ഗാർഡൻ കാന മെയിന്റനൻസ്
ഫണ്ട്	തനത് ഫണ്ട്
പ്രൊജക്ട്	S 0270/24
എസ്റ്റിമേറ്റ്	5,00,000/-
കരാറുകാരൻ	കെ. എം. ഷാജഹാൻ

ആകെ ചെലവ്	4,50,201.00/-രൂപ, ബിൽ നം. 168, 19/10/23
നിർവ്വഹണോദ്യോഗസ്ഥ	അസ്സി. എൻജിനിയർ

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 20 മീറ്റർ നീളത്തിൽ കരിങ്കൽ സംരക്ഷണഭിത്തി പൊളിച്ച് മാറ്റികയും 36 മീറ്റർ നീളത്തിൽ കാന പണിയും കാനയുടെ മുകളിൽ 178 സ്ലാബ് നിർമ്മിച്ച് (2x0.55x 9x 0.12, 176 X .50 X 1 X 0.12) ഇടുകയുമാണ് പ്രവൃത്തി. സ്ലാബ് പിടിച്ചിടുന്നതിന് 10 പുരുഷകൂലിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയിലെ അപാകത കാരണം 47,286/-രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-37 കുഴികണ്ടം റോഡ് കാന അറ്റകുറ്റ പണി- 13,021 രൂപ നിരാകരിക്കുന്നു.

പ്രവൃത്തി	കുഴികണ്ടം റോഡ് കാന അറ്റകുറ്റ പണി
ഫണ്ട്	സി എഫ് സി
പ്രൊജക്ട്	S 0271/24
എസ്റ്റിമേറ്റ്	8,00,000/-
കരാറുകാരൻ	സുനീഷ് കെ.
നിർവ്വഹണോദ്യോഗസ്ഥ	അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ ചെലവ്	₹4,99,126 (ബിൽ നം. 438/18-3-23, ₹4,25,558, ബിൽ നം. 432/16-2-24, ₹73,568)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി ഇടിഞ്ഞുപോയത് പൊളിച്ച് മാറ്റുകയും ആ പൊളിച്ചെടുത്ത കല്ല് ഉപയോഗിച്ചും കൂടാതെ പുതിയതായും RR പ്രകാരം സംരക്ഷണഭിത്തി പണിയുകയുമാണ് ചെയ്യേണ്ട പ്രവൃത്തി. കൂടാതെ കാന പണിയുകയും അതിന് മുകളിൽ സ്ലാബ് ഇടുകയും ചെയ്യുന്ന പ്രവൃത്തിയും ഉൾപ്പെടുന്നു. പ്രവൃത്തിയിലെ അപാകതകൾ മൂലം 13,021 രൂപ നിരാകരിക്കുന്നു.

ഖണ്ഡിക 3-2 കാണുക

1-38 എച്ച്.ഐ.എൽ - ന് സമീപം എം.സി.എഫ് നിർമ്മാണം - സ്കെച്ചും പ്ലാനും ലഭ്യമല്ല.

പ്രവൃത്തി	എച്ച്.ഐ.എൽ - ന് സമീപം എം.സി.എഫ് നിർമ്മാണം
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ഫണ്ട്	ടി എസ് പി
പ്രൊജക്ട്	S 0239/24
എസ്റ്റിമേറ്റ്	10,00,000/-
കരാറുകാരൻ	നൂറുദിൻ ടി. എച്ച്
ആകെ ചെലവ് -	Rs. 4,47,827- Ist Part Bill -ബിൽ നം. 635, 29/3/24

എച്ച്.ഐ.എൽ - ന് സമീപം എം.സി.എഫ് നിർമ്മിക്കുകയാണ് പ്രവൃത്തി. സതേൺ ഗ്യാസ് റോഡിന്റെ സൈഡിലാണ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റ് തുക 10,00,000/- രൂപയാണ്. എന്നാൽ സ്കെച്ച് പ്ലാനോ പ്രകാരം ഈ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം ലഭ്യമല്ല. ഒരു കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് ശരിയാണോ എന്ന് പരിശോധിക്കുന്നത് ആ കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും പ്രകാരമാണ്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പുതിയ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് തുക 8,23,300/- ആണ്. എന്നാൽ ഈ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. ഈ പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബില്ല് പ്രകാരം 4,47,827/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഫൈനൽ

ബില്ല് തയ്യാറാക്കിയിട്ടില്ല.

ഈ പ്രവൃത്തിയുടെ സ്ഥല പരിശോധന നടത്തിയതിൽ ഇതിന്റെ നീളം 20 മീറ്ററും വീതി 2 മീറ്ററും മാത്രമാണ്.

ഈ കെട്ടിടത്തിന്റെ ഉള്ളിലെ വിസ്തീർണ്ണം 20എം X 1.70എം = 34 ചതുരശ്രമീറ്ററാണ്. ഈ കെട്ടിടത്തിന്റെ 1.5 മീറ്റർ വരെ സോളിഡ് ഉപയോഗിച്ച് 15സെന്റിമീറ്റർ കനത്തിൽ ഭിത്തി പണിത് അതിന് മുകളിൽ ഗ്രില്ല് ഇട്ട് ജിഐ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്തിട്ടുണ്ട്. ഭിത്തി പ്ലാസ്റ്ററിംഗ് ചെയ്തിട്ടുണ്ട്. ഫ്ലോർ സിറാമിക് ടൈൽ വിരിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 34എം^{2} കെട്ടിടം ഗ്രില്ല് ഇട്ട് ജിഐ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്തതിനാണ് 8,23,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പണിതത്.

ഈ ഫയൽ പരിശോധിച്ചതിൽ എത്ര ചതുരശ്ര മീറ്റർ കെട്ടിടമാണ് ആവശ്യം എന്നോ എത്ര ചതുരശ്ര മീറ്റർ കെട്ടിടമാണ് പണിതത് എന്നോ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഇവിടെ ഈ റോഡിൽ ഒരു കെട്ടിടം നിർമ്മിക്കാനുള്ള വീതിയുണ്ടോ എന്നു പോലും പരിശോധിച്ചിട്ടില്ല എന്ന് കാണുന്നു.

ഈ പ്രവൃത്തിയിൽ സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടില്ല. ഒരു കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് ശരിയാണോ എന്ന് പരിശോധിക്കുന്നത് ആ കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും പ്രകാരമാണ്. മാത്രമല്ല സ്കെച്ചും പ്ലാനും പ്രകാരമാണ് ഒരു കെട്ടിടം പണിയുന്നതും. ഇത് ഇല്ലാതെ എപ്രകാരമാണ് കരാറുകാരൻ കെട്ടിടം പണിതത് എന്നും വ്യക്തമല്ല.

ഈ പ്രവൃത്തി സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/13-1-25 – ന് മറുപടി ഒന്നും ലഭിച്ചില്ല.

1-39 മാർക്കറ്റിൽ എം.സി.എഫ് നിർമ്മാണം - അപാകതകൾ

പ്രവൃത്തി	മാർക്കറ്റിൽ എം.സി.എഫ് നിർമ്മാണം
ഫണ്ട്	സി.എഫ്.സി
പ്രൊജക്ട്	S 0258/24
എസ്റ്റിമേറ്റ്	8,00,000/- (PAC- 6,12,847)
കരാറുകാരൻ	നൂറുദിൻ ടി എച്ച്
ആകെ ചെലവ്	7,22,512/-രൂപ ബിൽ നം. 488, 11/3/24

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം എം സി എഫ് നിർമ്മിക്കുകയാണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരം ഇതിന്റെ റൂഫിംഗ് അലൂമിനിയം ഷീറ്റ് ഉപയോഗിച്ചാണ് നിർമ്മിക്കേണ്ടത്.

അലൂമിനിയം ഷീറ്റ് റൂഫിംഗ് ചെയ്യുന്നതിന് ഡാറ്റ Od389761/22-23 പ്രകാരം 84.60എം^{2} X 775.41/എം^{2} = 65,599.69/-രൂപയാണ് എസ്റ്റിമേറ്റിൽ കണക്കാക്കിയത്. ഇതിന്റെ എഗ്രീഡ് നിരക്ക് 725/എം^{2} ആയിരുന്നു. എന്നാൽ ഈ പ്രവൃത്തി ഒഴിവാക്കി എക്സ്ട്രാ പ്രവൃത്തിയായി ജി.ഐ ഷീറ്റ് ഉപയോഗിച്ചാണ് റൂഫിംഗ് ചെയ്തത്. ഇപ്രകാരം ജി.ഐ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്തതിന് 105.60എം^{2} X 588.60/എം^{2} = 62,156/- രൂപ നൽകി. എന്നാൽ മറ്റൊരു പ്രോജക്ടായ Proj. 239/24 പ്രകാരം ജി.ഐ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്തതിന് ഡാറ്റ – Od361777/22-23 പ്രകാരം എസ്റ്റിമേറ്റ് നിരക്ക് - 520.09/എം^{2} ആണ്. ആയതിനാൽ ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിരക്ക് അധികമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന് മറുപടി നൽകേണ്ടതാണ്. കൂടാതെ ഈ പ്രൊജക്ടിൽ ഒരു കാരണവും ഇല്ലാതെയാണ് അലൂമിനിയം ഷീറ്റ് ഒഴിവാക്കി ജി.ഐ ഷീറ്റ് ഉപയോഗിച്ചത് എന്ന് കാണുന്നു.

ഒരു കാരണവും ഇല്ലാതെ ഒരിക്കലും തുരുമ്പ് പിടിക്കാത്ത അലൂമിനിയം ഷീറ്റ് ഒഴിവാക്കി തുരുമ്പ് പിടിക്കുന്ന ജി.ഐ ഷീറ്റ് ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല. ആയതിനാൽ ജി.ഐ ഷീറ്റ് മാറ്റി അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് കരാറുകാരന്റെ ചെലവിൽ പ്രവൃത്തി ചെയ്യേണ്ടതാണ്.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഭിത്തി

നിർമ്മിക്കേണ്ടത് ഫൗണ്ടേഷനും പ്ലിന്ത് ലെവൽ വരെയുള്ള നിരക്കായിരുന്നു. എന്നാൽ ഈ പ്രവൃത്തി ഒഴിവാക്കി എക്സ്ട്രാ പ്രവൃത്തിയായി ഐറ്റം നം 50.6.2.2 പ്രകാരം (15 സെന്റിമീറ്റർ കനം) രണ്ടാം നിലവരെയുള്ള സൂപ്പർ സ്ട്രക്ച്ചറിന്റെ നിരക്കാണ് നല്കിയത്. ഇതിന് നൽകിയ എസ്റ്റിമേറ്റ് നിരക്ക്- 6984.82/എം^{3} ആണ്. ടെന്റർ കിഴിവ് ഒഴിവാക്കി ഇതിന് കണക്കാക്കിയ നിരക്ക് 6616.91/എം^{3} (5.709 എം^{3} X 6616.91 = 37,776) ആണ്. ഇവിടെ ഒരു മീറ്റർ ഉയരത്തിൽ മാത്രമാണ് ഭിത്തി നിർമ്മിച്ചിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്ക് ഫൗണ്ടേഷനും പ്ലിന്ത് ലെവൽ വരെയുള്ള DSOR ഷെഡ്യൂൾ ഇനം 50.6.1.7 പ്രകാരമുള്ള നിരക്കായ 6223.20/- ആണ് നൽകേണ്ടത്. എന്നാൽ ഇതിനു പകരം എസ്റ്റിമേറ്റ് നിരക്ക് 6984.82/എം^{3} കണക്കാക്കി അതിന്റെ ടെന്റർ കിഴിവ് ഒഴിവാക്കിയുള്ള നിരക്കാണ് നൽകിയത്. കണക്കാക്കിയ എസ്റ്റിമേറ്റ് 6984.82/എം^{3} എന്നത് ശരിയായ നിരക്കായ 6223.20/എം^{3} ആയി കണക്കാക്കേണ്ടതും ഇതനുസരിച്ചുള്ള ടെന്റർ കിഴിവ് ഒഴിവാക്കിയുള്ള തുക നൽകേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 9/10-1-25- നുള്ള മറുപടിയിൽ രണ്ടാം നിലവരെയുള്ള നിർമ്മാണങ്ങൾക്ക് ഐറ്റം നം. 50.6.1.5 പ്രകാരമുള്ള നിരക്ക് നൽകാവുന്നതാണ് എന്നാണ്. കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ തുക തികയാതെ വന്നതിനാലാണ് അലൂമിനിയം ഷീറ്റ് ഒഴിവാക്കി ജി.ഐ ഷീറ്റ് ഉപയോഗിച്ചത് എന്നും മറുപടിയിൽ പറയുന്നു. മറുപടി അംഗീകരിക്കാനാവില്ല. കേവലം 1.5 മീറ്റർ ഉയരമുള്ള കോമ്പൗണ്ട് വാളിന് രണ്ടാം നിലവരെ പണിയുന്ന ഭിത്തിയുടെ കൂലി കണക്കാക്കി അത് പ്രകാരമുള്ള ഡാറ്റ നൽകുന്നത് അംഗീകരിക്കാനാവില്ല. മാത്രമല്ല ഇതിന്റെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരവും ഫൗണ്ടേഷനും പ്ലിന്ത് ലെവൽ വരെയുള്ള നിരക്കായിരുന്നു കണക്കാക്കിയിരുന്നത്. അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്. തുക തികയാതെ വന്നതിനാൽ വളരെ പ്രധാനപ്പെട്ട പ്രവൃത്തി ഒഴിവാക്കുന്നത് അംഗീകരിക്കാനാവില്ല. അലൂമിനിയം ഷീറ്റും ജി.ഐ ഷീറ്റും തമ്മിൽ നിസ്സാരവിലയുടെ വ്യത്യാസം മാത്രമാണ് ഉള്ളത്. മാത്രമല്ല ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മുഴുവൻ ചെലവായിട്ടില്ലാത്തതാണ്.

ഭിത്തി പണിതതിന് അധികം നൽകിയിട്ടുള്ള തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

1-40 കെ എസ് രാമൻ റോഡ് പുനരുദ്ധാരണം - അപാകതകൾ

പ്രവൃത്തി	കെ. എസ്. രാമൻ റോഡ് പുനരുദ്ധാരണം
ഫണ്ട്	തനത് ഫണ്ട്
പ്രൊജക്ട്	289/24
എസ്റ്റിമേറ്റ്	30,00,000
കരാറുകാരൻ	കെ. എം. ഷാജഹാൻ
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ ചെലവ്	29,69,671/- (ബിൽ നം. 288/20-12-23 ₹20,00,197/-, ബിൽ നം. 159/13-10-23 ₹9,69,474)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 708 മീറ്റർ റോഡ് 2124 എം^{2} ഏരിയ റീടാറിംഗ് ചെയ്യുന്നതിനും വാട്ടർ അതോറിറ്റിയുടെ വർക്ക് കാരണം പൊട്ടി പൊളിഞ്ഞ സ്ഥലത്ത് 455 മീറ്റർ റോഡ് 1.5 മീറ്റർ വീതിയിൽ 682 എം^{2} ഏരിയ ഇന്റർലോക്കിംഗ് കട്ട വിരിക്കുന്നതിനും 135 മീറ്റർ നീളത്തിൽ കാന പണിത് അത്രയും നീളത്തിൽ സ്ലാബ് ഇടുന്ന പ്രവൃത്തിയും ആണ്. സ്ലാബിന്റെ കനം 12 സെന്റിമീറ്റർ ആണ്. ഇതിൽ റീടാറിംഗ് ചെയ്യുന്നതിന് 7,38,540/- രൂപയും കട്ട വിരിക്കുന്നതിന് 9,38,180 രൂപയും സ്ലാബ് പണിയുന്നതിന് 8,64,923/- രൂപയും ആണ് വകയിരുത്തിയത്.

എസ്റ്റിമേറ്റ് പ്രകാരം സ്ലാബ് പണിയുന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. സ്ലാബ് (11.4.4.) 270 എണ്ണം X 1 X 0.5 X .12 = 16.20 M3 X 8588.88/എം^{3}= 1,39,139

2. കമ്പിയുടെ വില (11.8) - 16.20 എം^{3} X 0.75/ക്വിന്റൽ = 12.15 ക്വിന്റൽ X 87981.22/ടൺ= 1,06,897

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ വർക്ക് അവാർഡ് ചെയ്ത ശേഷം സ്ഥാന പരിശോധനയിൽ സൈറ്റ് കണ്ടീഷൻ അനുസരിച്ച് കാനയുടെ നീളം കൂട്ടേണ്ടതുണ്ടെന്നും വാഹനഗതാഗതം കൂടുതലുള്ള റോഡായതിനാൽ സ്ലാബിന്റെ കനം കൂട്ടേണ്ടതുണ്ട് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അത് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് താഴെപ്പറയും പ്രകാരം പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ ടാറിംഗ് പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല.

1. കട്ട വിരിച്ചത് - 443.04 എം X 2.0652 (Av) എം = 914.965 എം^{2} (9,22,157/-രൂപ)

2. കാന പണിതത് (രണ്ട് വശവും ഉൾപ്പെടെ) 307.6 എം X (0.30 + 0.20)/2 X 0.697(av) = 53.612 എം^{3} (7600 രൂപ/എം^{3}= 4,07,451.00)

3. സ്ലാബ് പണിതത് - 229 എണ്ണം X 1 എം X 0.5 എം X 0.15 എം = 17.175 എം^{3} (1,47,361/-രൂപ)

4. സ്ലാബിന് കമ്പിയുടെ വില

A. 10 എംഎം - 229 X 5 X 2.15 X 0.617/kg =1518.90 Kg

B. 10 എംഎം – 229 X 2 X 7 X 0.45 X.617/kg = 890.14 Kg

ആകെ - 2409.04 Kg + 54kg (Struts) = 2463 Kg (2,15,883)

5. എക്സ്ട്രാ പ്രവൃത്തിയായി റോഡിലെ കട്ട പൊളിച്ച് മാറ്റിയത്- 236.60 എം X 2.408എം(av)= 569.865 എം^{2} X 149.66/എം^{2} = ₹85,286

6. എക്സ്ട്രാ പ്രവൃത്തിയായി പൊളിച്ച് എടുത്ത ഡിപ്പാർട്ട്മെന്റ് കട്ട ഉപയോഗിച്ച് കട്ട വിരിച്ചത് - 176 .5 എം X 2.552എം

= 450.434 എം^{2} X 255.74/എം^{2} =₹1,15,194

ഓഡിറ്റ് പരാമർശം

1. ഈ പ്രവൃത്തിയുടെ ടാറിംഗ് പ്രവൃത്തി ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് ഒഴിവാക്കാൻ ആരും ആവശ്യപ്പെട്ടിട്ടില്ല.

2. സ്ലാബിന് മുകളിലും താഴേയും ആയി രണ്ട് ലെയർ കമ്പി ആണ് കൊടുത്തിരിക്കുന്നത്. മാത്രമല്ല ഇത് മുഴുവൻ 10എംഎം കമ്പിയാണ് ഉപയോഗിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം ഒരു എം^{3} ന് 75 കിലോ കമ്പി കണക്കാക്കുകയും എന്നാൽ എംബുക്ക് പ്രകാരം ഒരു എം^{3}ന് 140.26 കിലോ കമ്പി ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു. കമ്പിയുടെ ഉപയോഗം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. കമ്പിയുടെ മാത്രം ചെലവ്- 2,15,883 രൂപയാണ്.

3. എക്സ്ട്രാ പ്രവൃത്തിയായി റോഡിലെ കട്ട പൊളിച്ച് മാറ്റിയത്- 236.60 എം X 2.408എം(av)= 569.865 എം^{2} X 149.66/എം^{2} = 85,286/- ഇതിന്റെ ആവശ്യകതയോ ഇത് എവിടെ നിന്നാണ് എന്നോ വ്യക്തമല്ല. ഇപ്രകാരം 569.865 എം^{2} കട്ട പൊളിച്ച് മാറ്റിയെങ്കിലും ഇതിൽ 450.434 എം^{2} മാത്രമാണ് ഉപയോഗിച്ചത്. ബാക്കി കട്ടയുടെ വിനിയോഗം വ്യക്തമല്ല.

ഈ സ്ഥലം നേരിൽ കണ്ട് പരിശോധിച്ചതിൽ പണിത കാനയുടെ ഇടത് വശം നിലവിൽ കാനയില്ല. വലത് വശത്തെ കാനക്ക് ഇടക്ക് ഓരോ സ്ലാബുകൾ ഇട്ടിട്ടുണ്ട്. ഇത് കേവലം 8 സെന്റിമീറ്റർ കനം മാത്രമാണ് ഉള്ളത്. ഈ റോഡ് വളരെ വീതി കൂടിയ റോഡും വാഹന സംഞ്ചാരം കുറഞ്ഞ റോഡുമാണ്. ഇവിടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 15 സെന്റിമീറ്റർ കനത്തിലുള്ള സ്ലാബിന്റെ ആവശ്യകത വ്യക്തമല്ല. മാത്രമല്ല 2 ലയർ 10 മില്ലിമീറ്റർ കമ്പിയുടെ ആവശ്യകതയും വ്യക്തമല്ല. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ ടാറിംഗ് റോഡ് റീടാറിംഗ് ആണ് ചെയ്യേണ്ടത്. എന്നാൽ റീടാറിംഗ് ഒഴിവാക്കി കട്ട വിരിക്കുകയാണ് ചെയ്തത്. ആയതിനാൽ വലിയ തുകയാണ് അധികമായി ചെലവായത്.

ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 17/10-1-25- നുള്ള മറുപടിയിൽ പ്രസ്തുത റോഡ് വെള്ളക്കെട്ട് ആയതിനാൽ പ്രവൃത്തി തുടങ്ങിയ സമയത്ത് റോഡ് ഉയർത്തിയ ശേഷം മാത്രം റീടാറിംഗ് മതിയെന്ന നാട്ടുകാരും സമ്മർദത്തിൽ കൗൺസിൽ അംഗീകാരത്തോടെ കാനയുടെ നീളം കൂട്ടിയും കവർ സ്ലാബിന്റെ കനം കൂട്ടിയുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും പ്രസ്തുത റോഡിന്റെ വശങ്ങളിലായി വലിയ കമ്പനികൾ സ്ഥിതി ചെയ്യുന്നുവെന്നും ഈ കമ്പനികളിലേക്ക് വളരെ ഭാരമുള്ള വാഹനങ്ങളാണ് പ്രസ്തുത ഡ്രെയിന് മുകളിലൂടെ കയറിയിറങ്ങുന്നത് എന്നും ആയതിനാലാണ് ഇത്രയും അധികം കമ്പി ഉപയോഗിച്ചത് എന്നും മറുപടിയിൽ പറയുന്നു.

മറുപടി പൂർണ്ണമല്ല. ഈ പ്രവൃത്തിയിൽ റീടാറിംഗ് ഒഴിവാക്കി റോഡ് മുഴുവൻ കോൺക്രീറ്റിംഗ് കട്ട വിരിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. നിലവിലെ പൊളിച്ചെടുത്ത കോൺക്രീറ്റ് കട്ട മുഴുവൻ ഉപയോഗിക്കാത്തതിന് മറുപടി നൽകിയിട്ടില്ല. റോഡിന്റെ വശങ്ങളിലുള്ള വലിയ കമ്പനികളിലേക്ക് വളരെ ഭാരമുള്ള വാഹനങ്ങളാണ് പോകുന്നത് എങ്കിൽ അതിന് ആവശ്യമായ കാനയും സ്ലാബും ആ കമ്പനികൾ തന്നെ ചെയ്യുന്നത് പരിശോധിക്കാവുന്നതാണ്. മാത്രമല്ല ആ കമ്പനികൾ ഉള്ള സ്ഥലത്ത് മാത്രം വലിയ സ്ലാബ് നിർമ്മിക്കാവുന്നതാണ്. ഓഡിറ്റ് പരാമർശങ്ങൾക്ക് പൂർണ്ണമായ മറുപടി നൽകേണ്ടതാണ്.

1-41 സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കോമ്പൗണ്ട് വാൾ നിർമ്മിച്ചത്- അപാകതകൾ

പ്രോജക്ട് നം.	S0 253/24
പ്രവൃത്തി	കുഴികണ്ടം എസ്. സി കമ്മ്യൂണിറ്റി ഹാൾ പാർശ്വഭിത്തി നിർമ്മാണം
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ഫണ്ട്	എസ്. സി. പി.
കരാറുകാരൻ	കെ. എം. ഷാജഹാൻ
എസ്റ്റിമേറ്റ്	₹4,00,000/-
ചെലവ് തുക	₹3,99,013/- (ബിൽ നം. 276, 15/12/23)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം എസ്. സി കമ്മ്യൂണിറ്റി ഹാളിന് ചുറ്റും 60 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടി അതിന് മുകളിൽ സോളിഡ് ബ്രിക്സ് ഉപയോഗിച്ച് 15 സെ.മീ. ഉയരത്തിൽ കോമ്പൗണ്ട് വാൾ നിർമ്മിക്കുയാണ് പ്രവൃത്തി.

ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിന് ഐറ്റം നം. 50.6.1.5 - സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കോമ്പൗണ്ട് വാൾ (15 സെ.മീ. – കനം, Super Structure Up To Floor 2 Level) നിർമ്മിച്ചതിന് 14.389 എം^{3} X 6644.12/എം^{3} = 95,602/- രൂപ നൽകിയിട്ടുണ്ട്. ഇതിന് നൽകാവുന്ന ഡാറ്റ 50.6.1.7 പ്രകാരം 6223.20 /എം^{3} മാത്രമാണ്. ഇവിടെ കോമ്പൗണ്ട് വാളിന്റെ ഉയരം 1.5 മീറ്റർ മാത്രമാണ്. മറ്റുള്ള നഗരസഭകളിൽ ഈ നിരക്കാണ് നൽകി വരുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 9/10-1-25- നുള്ള മറുപടിയിൽ രണ്ടാം നില വരെയുള്ള നിർമ്മാണങ്ങൾക്ക് ഐറ്റം നം. 50.6.1.5 പ്രകാരമുള്ള നിരക്ക് നൽകാവുന്നതാണ് എന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. മറുപടി അംഗീകരിക്കാനാവില്ല. കേവലം 1.5 മീറ്റർ ഉയരമുള്ള കോമ്പൗണ്ട് വാളിന് രണ്ടാം നില വരെ പണിയുന്ന ഭിത്തിയുടെ കൂലി കണക്കാക്കി അത് പ്രകാരമുള്ള ഡാറ്റ നൽകുന്നത് അംഗീകരിക്കാനാവില്ല. അധികം നൽകിയ തുക 14.389 എം^{3} X 420.92/എം^{3} (6644.12-6223.20) = 6057/- രൂപ ഈടാക്കേണ്ടതാണ്.

1-42 കോൺക്രീറ്റിംഗ് റോഡുകൾ പൊളിച്ച് മാറ്റി ഇന്റർ ലോക്കിംഗ് കട്ട വിരിക്കുന്നത്-

താഴെ പറയുന്ന പ്രവൃത്തികളിൽ നിലവിലെ കോൺക്രീറ്റിംഗ് റോഡുകൾ പൊളിച്ച് മാറ്റി ഇന്റർ ലോക്കിംഗ് കട്ട വിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിന്റെ കാരണം വ്യക്തമല്ല. കേടായ കോൺക്രീറ്റിംഗ് റോഡുകൾ റീ കോൺക്രീറ്റിംഗ് ചെയ്യാതെ അത് പൊളിച്ച് മാറ്റി ഇന്റർലോക്കിംഗ് കട്ട വിരിക്കുന്നതിനാൽ വലിയ

ചിലവാണ് നഗരസഭക്ക് ഉണ്ടാകുന്നത്.

1. പ്രോജക്ട് - 48/ 24 – എരുമക്കാട്ട് ലൈൻ റോഡ്- കട്ട വിരിക്കൽ നിലവിലെ 78 മീറ്റർ കോൺക്രീറ്റിംഗ് റോഡ് (169.80m2)പൊളിച്ച് മാറ്റി കട്ട വിരിച്ചിരിക്കുന്നു. - ചെലവ് - 4,29,908/-രൂപ (കൂടാതെ പുതിയതായി 82 മീറ്റർ റോഡ് കട്ട വിരിച്ചിട്ടുണ്ട്.)

2. പ്രോജക്ട് 54/24 ലേബർ ക്വാട്ടേഴ്സ് കോട്ടക്കൽ റോഡ് അറ്റകുറ്റ പണി - നിലവിലെ 133 മീറ്റർ കോൺക്രീറ്റിംഗ് റോഡ് (425.60m2) പൊളിച്ച് മാറ്റി കട്ട വിരിച്ചിരിക്കുന്നു. - ചെലവ് - 4,99,780/-രൂപ

കേടായ കോൺക്രീറ്റിംഗ് റോഡുകൾ റീ കോൺക്രീറ്റിംഗ് ചെയ്യാതെ അത് പൊളിച്ച് മാറ്റി കട്ട വിരിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20/10-1-25- നുള്ള മറുപടിയിൽ കോൺക്രീറ്റ് റോഡിൽ വാഹനയാത്രക്കാരും കാൽനടക്കാരും തെന്നി വീണ് അപകടം ഉണ്ടാകുന്നത് പതിവായതിനാലാണ് നിലവിലെ കോൺക്രീറ്റിംഗ് റോഡുകൾ പൊളിച്ച് മാറ്റി ഇന്റർ ലോക്കിംഗ് കട്ട വിരിച്ചത് എന്നാണ്. മറുപടി തൃപ്തികരമല്ല. നഗരസഭാ റോഡുകൾ ആദ്യം കോൺക്രീറ്റിംഗ് ചെയ്യുകയും പിന്നീട് അവ പൊളിച്ച് മാറ്റുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

1-43 മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമില്ലാതെ പുരുഷകൂലി നല്കുന്നത് - അപാകതകൾ

താഴെ പറയുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾക്ക് പുറമേ പുരുഷകൂലി നൽകിയിരിക്കുന്നു.

പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

1.

പ്രവൃത്തി	പണ്ടാരം ചാൽ റോഡ് കാന നിർമ്മാണം
പ്രൊജക്ട്	S 0272/24
ഫണ്ട്	സി എഫ് സി
എസ്റ്റിമേറ്റ്	1,00,000/-
കരാറുകാരൻ	കെ എം ഷാജഹാൻ
ആകെ ചെലവ്	76,197/- രൂപ ബിൽ നം. 170/21-10-23
നിർവ്വഹണോദ്യോഗസ്ഥ	അസ്സി. എൻജിനിയർ

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 75 മീറ്റർ നീളത്തിൽ ചപ്പാത്ത് പണിത് 10 മീറ്റർ കാന പണിത് സ്ലാബ് ഇടുകയാണ് പ്രവൃത്തി.

ടി പ്രവൃത്തികൾ കൂടാതെ എക്സ്ട്രാ പ്രവൃത്തിയായി മാൻ കൂലി 4എണ്ണം X 903.49/e = 3614രൂപ നൽകിയിട്ടുണ്ട്. അനാവശ്യമായി എക്സ്ട്രാ പ്രവൃത്തിയായി മാൻ കൂലി നൽകുന്നത് അംഗീകരിക്കാനാവില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16/10-1-25- നുള്ള മറുപടിയിൽ സമീപത്തെ പുല്ലുകളും മാലിന്യങ്ങളും കോരി മാറ്റുന്നതിനാണ് മാൻകൂലി നൽകിയത് എന്ന് പറയുന്നു.

2.

പ്രവൃത്തി	മഞ്ഞുമൽ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ്.
പ്രൊജക്ട്	S00265/24 (S0223/23)
ഫണ്ട്	തനത് ഫണ്ട്
എസ്റ്റിമേറ്റ്	4,00,000/-

കരാറുകാരൻ	നജീബ് എൻ എം
ആകെ ചെലവ്	₹3,50,315/- ബിൽ നം. 125/19-8-23
നിർവഹണോദ്യോഗസ്ഥൻ	അസ്സി. എൻജിനിയർ

ഈ പ്രവൃത്തി മഞ്ചുമൽ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് ചെയ്യുകയാണ്. ഇതിൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ കൂടാതെ എക്സ്ട്രാ പ്രവൃത്തിയായി മാൻ കൂലി 4 എണ്ണം X 878.79/e = 3,515രൂപ നൽകിയിട്ടുണ്ട്. അനാവശ്യമായി എക്സ്ട്രാ പ്രവൃത്തിയായി മാൻ കൂലി നൽകുന്നത് അംഗീകരിക്കാനാവില്ല.

ഓഡിറ്റ് എൻക്വയറി നം. 13/10-1-25- നുള്ള മറുപടിയിൽ ഇവിടെയുള്ള ഉപയോഗ ശൂന്യമായ നിലയിലുള്ള പഴയ കിണർ നന്നാക്കുന്നതിനും കിണറിന് സമീപത്തെ കുറ്റിച്ചെടികൾ പറിച്ച് മാറ്റുന്നതിനുമാണ് മാൻകൂലി നൽകിയത് എന്ന് പറയുന്നു.

3.

പ്രവൃത്തി	നഗരസഭ ടൗൺ ഹാൾ ഫിനിഷിംഗ് വർക്കുകൾ
പ്രൊജക്ട്	S00 413/24
ഫണ്ട്	തനത്
എസ്റ്റിമേറ്റ്	10,00,000/-
കരാറുകാരൻ	വി കെ ഷാജി
ആകെ ചെലവ്	Rs.4,85,533/- ബിൽ നം. 546, 23-3-24
നിർവ്വഹണോദ്യോഗസ്ഥൻ	അസ്സി. എൻജിനിയർ

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് ടൗൺ ഹാളിന്റെ ഫിനിഷിംഗ് പ്രവൃത്തികളാണ് ചെയ്യുന്നത്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ കൂടാതെ എക്സ്ട്രാ പ്രവൃത്തിയായി

മാൻ കൂലി നൽകിയത്

ഫിറ്റർ 12 ആളുകൾ - 12 X 1139.13/e = 13,670

പുരുഷ കൂലി 18 പേർ - 18 X 861.30/3 = 15,503.40

എക്സ്ട്രാ പ്രവൃത്തിയായി കൂലി നൽകിയത് അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം. 19/10-1-25- നുള്ള മറുപടിയിൽ ഈ പ്രവൃത്തിയിലെ വേസ്റ്റ് മെറ്റീരിയൽ എടുത്ത് മാറ്റുന്നതിനും ലിഫ്റ്റ് പിറ്റിലേക്ക് ടൗൺ ഹാളിൽ നിന്നും വരുന്ന ആളുകൾ വീഴാതിരിക്കുന്നതിന് ചുറ്റും മറച്ച് കെട്ടുന്നതിനും വേണ്ടിയാണ് മാൻ കൂലി കൊടുത്തത് എന്നാണ്.

4.

പ്രവൃത്തി	അംബേദ്ക്കർ റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം- വാർഡ് - 14
പ്രൊജക്ട്	S00293/24 (S0112/23)
ഫണ്ട്	തനത്
എസ്റ്റിമേറ്റ്	30,00,000/-
കരാറുകാരൻ	നജീബ് എൻ എം
ആകെ ചെലവ്	₹25,56,192/- ബിൽ നം. 183, 30-10-23, ബിൽ നം. 511, 20-3-24

നിർവ്വഹണോദ്യോഗസ്ഥൻ	അസ്സി. എൻജിനിയർ

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 838 മീറ്റർ നീളത്തിൽ 1131.5എം^{2} റോഡ് കട്ട വിരിക്കയും 325 മീറ്റർ കോൺക്രീറ്റിംഗ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുകയുമാണ് പ്രവൃത്തി.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ കൂടാതെ എക്സ്ട്രാ പ്രവൃത്തിയായി താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

1. കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണ ഭിത്തി കെട്ടിയത് - 160.5 എം X 0.6 എം X 0.4എം = 38.52 എം^{3} X 3267/എം^{3} = 1,25,845

2. സ്ലാബ് പിടിച്ചിട്ടതിന് മാൻ കൂലി നൽകിയത് - 29 എണ്ണം X 822.28/e = 23,846 രൂപ

<u>ഓഡിറ്റ് പരാമർശങ്ങൾ</u>

1. മാൻ കൂലി - 29 എണ്ണം X 822.28/e = 23,846 നൽകിയത് അംഗീകരിക്കുന്നില്ല. ഇതിന്റെ ആവശ്യകതയും വ്യക്തമല്ല.

2. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ കൂടാതെ എക്സ്ട്രാ പ്രവൃത്തിയായി കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണ ഭിത്തി കെട്ടിയത് പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18/10-1-25- നുള്ള മറുപടിയിൽ റോഡിന്റെ ഇരുവശങ്ങളിലുമുള്ള അതിർത്തി ക്ലിയർ ചെയ്യുന്നതിനാണ് മാൻ കൂലി നൽകിയത് എന്നും കോൺക്രീറ്റിംഗിനായി മണ്ണ് മാറ്റിയപ്പോൾ അവിടെ കോൺക്രീറ്റിംഗ് ചെയ്യുന്നത് പ്രായോഗികമല്ലായിരുന്നുവെന്നും പറയുന്നു.

മേൽ പറഞ്ഞ മറുപടികൾ ഒന്നും അംഗീകരിക്കാനാകില്ല. ചെയ്യേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതനുസരിച്ച് പ്രവൃത്തി ചെയ്യേണ്ടതാണ്. അല്ലാതെ പുരുഷകൂലി നൽകുന്നത് അംഗീകരിക്കാനാകില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാതെ കൂലി നൽകുന്ന സാഹചര്യത്തിൽ ചെയ്ത പ്രവൃത്തിയുടെ അളവും കൂടാതെ ചെയ്ത പ്രവൃത്തിയുടെ ആധികാരികതയും അറിയാൻ കഴിയുന്നില്ല.

1-44 സർവീസ് പെൻഷൻ വിതരണം-അവലോകനം

ഏലൂർ മുനിസിപ്പാലിറ്റിയിൽ നിന്നും നിലവിൽ 5 റഗുലർ പെൻഷൻകാർക്കാണ് പെൻഷൻ വിതരണം നടത്തുന്നത്. മുനിസിപ്പാലിറ്റിയിൽ കണ്ടിജന്റ് പെൻഷൻകാരില്ല. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ സ.ഉ.(അ)30/2021/ധന/12.02.2021, സ.ഉ.(അ) 35/2021/ധന /23.02.2021 എന്നീ ഉത്തരവുകൾ പ്രകാരവും 01.07.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് പെൻഷൻ ബുക്കുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പെൻഷൻ വിതരണം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>എ) റഗുലർ പെൻഷൻകാരുടെ എണ്ണം</u>

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	B	C	D	E (A + B + C + D)
F.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	04	0	0	0	04
G.	തൻവർഷം അനുവദിക്കപ്പെട്ടവർ	01	0	0	0	01
H.	തൻവർഷം മരണപ്പെട്ടവർ /	0	0	0	0	0

	ഒഴിവാക്കപ്പെട്ടവർ					
I.	വർഷാവസാനം ഉള്ള പെൻഷൻകാർ (F + G) - (H)	05	0	0	0	05

ബി)പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം

സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി താഴെ ചേർക്കും പ്രകാരം എല്ലാ മാസവും ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിന്റെ 799011400007305 -ാം നമ്പർ അക്കൌണ്ടിലേക്ക് അടവാക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 07/2023 മുതൽ 03/2024 വരെയുള്ള കോൺട്രിബ്യൂഷൻ തുകകൾ ഒരു വർഷത്തിന് ശേഷമാണ് അടവാക്കിയത്. പെൻഷൻ കോൺട്രിബ്യൂഷൻ എല്ലാ മാസവും കൃത്യമായി അടവാക്കേണ്ടതാണ് എന്നാൽ ഈ അക്കൗണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനാവശ്യമുള്ള തുക ആവശ്യപ്പെട്ടുള്ള റിക്വിസിഷനുകൾ നഗരസഭ നൽകുന്നതായി കാണുന്നില്ല.

മാസം	അടവാക്കേണ്ടത്	അടവാക്കിയത്	വൗച്ചർ നം., തീയതി/തുക	അടവാക്കാൻ ബാക്കി
04/2023	121894	121894	86*5/23, 15/06/23 / 103605 75*5/23, 20/06/23 / 18289	0
05/2023	121884	121884	47*7/23, 12/07/23 / 103595 46*7/23, 15/07/23 / 18289	0
06/2023	121858	121858	50*8/23, 04/09/23 / 103569 45*8/23, 05/09/23 / 18289	0
07/2023	123971	123971	24000450, 06/08/24 / 106451 24000421, 29/07/24 / 17520	0
08/2023	110494	110494	24000450, 06/08/24 / 92380 24000421, 29/7/24 / 18114	0
09/2023	126433	126433	24000450, 6/8/24 / 114587 24000421, 29/7/24 / 11846	0
10/2023	127092	127092	24000450, 6/8/24 / 116013 24000421, 29/7/24 / 11079	0
11/2023	131065	131065	24000450, 6/8/24 / 116013 24000421, 29/7/24 / 15052	0
12/2023	131251	131251	24000450, 6/8/24 / 116199 24000421, 29/7/24 / 15052	0
01/2024	131476	131476	24000450, 6/8/24 / 116221 24000421, 29/7/24 / 15255	0
02/2024	124984	124984	24000450, 6/8/24 / 109729 24000421, 29/7/24 / 15255	0
03/2024	124984	124984	24000450, 6/8/24 / 109729 24000421, 29/7/24 / 15255	0
	1497386	1497386		

സി) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം

മാസം	തുക	ഉത്തരവ് നം / ചെക്ക് നം.	മുതൽക്കൂട്ടിയ ബാങ്ക് അക്കൗണ്ട് നം.
2023-2024 സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല			

ഡി) പെൻഷൻ തുക വിതരണവിവരം (2023-24)

ഓഡിറ്റ് വർഷം റഗുലർ പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം 904845/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	ചെക്ക് നം.	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക/തീയതി
04/2023	001689 BOB, 3/4/23	71271	-	-	-	71271	71270 3/4/23
05/2023	001700 BOB, 4/5/23	71271	-	-	-	71271	71270 4/5/23
06/2023	2435989 TSB-1167, 2/6/23	71271	-	-	-	71271	71271 6/6/23
07/2023	2507033 TSB-1167, 5/7/23	71271	-	-	-	71271	71271 6/7/23
08/2023	2507039 TSB-1167, 2/8/23	71271	-	-	-	71271	942395 3/8/23
09/2023	05150442 TSB-1167, 1/9/23	71271	-	-	-	71271	1117987-1/9/23
10/2023	05150447 TSB-1167, 1/10/23	71271	-	-	-	71271	1193153 4/10/23
11/2023	05150452 TSB-1167, 1/11/23	71272	-	-	-	71272	1155473 2/11/23
12/2023	JH05150458 TSB-1167,1/12/23	71272	-	-	-	71272	1164632 1/12/23
(പെൻഷൻ കുടിശ്ശിക)	JH05150459 TSB-1167,2/12/23	125250	-	-	-	125250	603647 2/12/23
01/2024	135004 TSB-1167,3/01/24	86928	-	-	-	86928	1225105 3/01/24

02/2024	MBI35015 TSB-1167,6/02/24	86928	-	-	-	86928	1214517 6/02/24
03/2024	MBI35015 TSB-1167,6/03/24	89548	-	-	-	89548	1122126 6/03/24
ആകെ		1030095				1030095	

എഫ്) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. നിലവിൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (ബാങ്ക് ഓഫ് ബറോഡ - നം.92740100002841) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്. പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെക്കിൽ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് തുക മാറുന്നത്.

ഓരോ പെൻഷൻകാരുടെയും വ്യക്തിഗത വിവരങ്ങൾ പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഇ) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം (23-24)

തൻവർഷം നഗരസഭയിൽ പെൻഷൻ അനുവദിച്ചവർക്ക് താഴെ ചേർക്കും പ്രകാരം 1257884 രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

ഇനം	തുക	ചെക്ക് നം.
ഡി.സി.ആർ.ജി	478397	TSB 1167,2/12/23
കമ്മ്യൂട്ടേഷൻ	779487	TSB 1167,5/02/24
ആകെ	1257884	

G) നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ള പെൻഷൻ തുക

വാർഷിക ധനകാര്യ പത്രികയിൽ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത പെൻഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ളതിന്റെ വിവരം ബാലൻസ് ഷീറ്റ് പ്രകാരം (B 15 ഷെഡ്യൂളിൽ) കാണിച്ചിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന തുക കൃത്യമായി കണക്കാക്കി ബാലൻസ് ഷീറ്റിൽ 431409901-അദർ റിസീവബിൾസ്(കറണ്ട്), 431409902-അദർ റിസീവബിൾസ്(അരിയർ) എന്നീ ഹെഡുകളിലായി പ്രസ്തുത തുകകൾ ക്രമീകരിച്ച് കണക്ക് കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഫ്രാങ്ക്ലിൻ ഗാർഡൻ കാന മെയിന്റനൻസ് - 47286/-രൂപ നിരാകരിക്കുന്നു.

പ്രവൃത്തി	ഫ്രാങ്ക്ലിൻ ഗാർഡൻ കാന മെയിന്റനൻസ്
പ്രൊജക്റ്റ്	Soo 270/24
ഫണ്ട്	തനത് ഫണ്ട്

എസ്റ്റിമേറ്റ്	5,00,000/-
കരാറുകാരൻ	കെ. എം. ഷാജഹാൻ
ആകെ ചെലവ്	₹4,50,201.00 ബിൽ നം. 168, 19/10/23
നിർവഹണോദ്യോഗസ്ഥൻ	അസ്സി. എൻജിനിയർ

എസ്റ്റിമേറ്റ് പ്രകാരം 20 മീറ്റർ നീളത്തിൽ കരിങ്കൽ സംരക്ഷണഭിത്തി പൊളിച്ച് മാറ്റുകയും 36 മീറ്റർ നീളത്തിൽ കാന പണിയും കാനയുടെ മുകളിൽ 178 സ്ലാബ് നിർമ്മിച്ച് (2 X 0.55 X 9x 0.12, 176 X .50 X 1 X 0.12) ഇടുകയുമാണ് പ്രവൃത്തി. സ്ലാബ് പിടിച്ചിടുന്നതിന് 10 പുരുഷകൂലിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം ആകെ 12 സ്ലാബാണ് നിർമ്മിച്ചത്. (12 X 0.75 X 0.5എം X 0.1). ഈ സ്ലാബ് പിടിച്ചിട്ടതിന് 18 പുരുഷ കൂലി (12.5 X 915 *E = 11,437, 5.5 X 914*e = 5028.6) 16,466 രൂപ നൽകിയിട്ടുണ്ട്. ഇത് അംഗീകരിക്കുന്നില്ല.

ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനമായി കാനയുടെ സൈഡ് ഭിത്തി പ്ലാസ്റ്ററിംഗ് ചെയ്തതിന് (Od91379/23-24-1:4 9 മില്ലിമീറ്റർ) – 130.50 എം^{2} X 236.17/എം^{2} = 30,820 രൂപ നൽകിയിട്ടുണ്ട്. ഇവിടെ സൈഡ് ഭിത്തി നിർമ്മിച്ചിട്ടുള്ളത് 1:2.5:5 അനുപാതത്തിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചാണ്. ഇതിന് പ്ലാസ്റ്ററിംഗ് ചെയ്യേണ്ടതില്ല. മാത്രമല്ല ഈ പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇത് അംഗീകരിക്കുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 9/10-1-25- നുള്ള മറുപടിയിൽ ഇവിടെയുള്ള പഴയ ഓടകളിലെ എല്ലാ സ്ലാബുകളും മാറ്റി ഓട വൃത്തിയാക്കി കവർ സ്ലാബ് തിരികെ ഇട്ടതിനുമാണ് മാൻകൂലി നൽകിയത് എന്നും പ്ലാസ്റ്ററിംഗ് നടത്തി സംരക്ഷിക്കാവുന്ന സൈഡ് വാളാണ് ഇപ്രകാരം സംരക്ഷിച്ചത് എന്നും മറുപടിയിൽ പറയുന്നു.

മറുപടി അംഗീകരിക്കാനാകില്ല. ഏത് ഓടയാണ് ക്ലീൻ ചെയ്ത് സ്ലാബ് തിരികെ ഇട്ടത് എന്ന് എം ബുക്കിൽ നിന്നോ ഫയലിൽ നിന്നോ വ്യക്തമല്ല. മാത്രമല്ല ഇത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നുമില്ല. പ്ലാസ്റ്ററിംഗ് നടത്തി സംരക്ഷിക്കാവുന്ന സൈഡ് വാളാണ് ഇപ്രകാരം സംരക്ഷിച്ചത് എന്നും മറുപടിയിൽ പറയുന്നു. ഇതും അംഗീകരിക്കാനാകില്ല. പൊളിഞ്ഞ് പോയ കോൺക്രീറ്റിംഗ് വാൾ പ്ലാസ്റ്ററിംഗ് നടത്തി സംരക്ഷിക്കാനാകില്ല. മാത്രമല്ല ഈ പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ ഇത് എവിടെയാണ് ചെയ്തത് എന്ന് എംബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇതിനായി നൽകിയ തുക 47286 (16,466 + 30,820) നിരാകരിക്കുന്നു.

3-2 കുഴികണ്ടം റോഡ് കാന അറ്റകുറ്റ പണി- 13,021 രൂപ നിരാകരിക്കുന്നു.

പ്രവൃത്തി	കുഴികണ്ടം റോഡ് കാന അറ്റകുറ്റ പണി
പ്രൊജക്ട്	271/24
ഫണ്ട്	സി എഫ് സി
എസ്റ്റിമേറ്റ്	8,00,000/-
കരാറുകാരൻ	സുനീഷ് കെ
ആകെ ചെലവ്	4,99,126 (ബിൽ നം. 438/18-3-23 – ₹425558, ബിൽ നം. 434/16-2-24 – ₹46,568)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി ഇടിഞ്ഞുപോയത് പൊളിച്ച് മാറ്റുകയും ആ പൊളിച്ചെടുത്ത കല്ല് ഉപയോഗിച്ചും കൂടാതെ പുതിയതായും RR പ്രകാരം സംരക്ഷണഭിത്തി പണിയുകയുമാണ് ചെയ്യേണ്ട പ്രവൃത്തി. കൂടാതെ കാന പണിയുകയും അതിന് മുകളിൽ സ്ലാബ് ഇടുകയും ചെയ്യുന്ന പ്രവൃത്തിയും ഉൾപ്പെടുന്നു.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം ചെയ്ത ടി ഇനം പ്രവൃത്തികൾ ചെയ്തതിന്റെ വിവരം താഴെ

കൊടുക്കുന്നു.

1. സംരക്ഷണ ഭിത്തി പൊളിച്ച് മാറ്റിയത് (Item – 2.7.B) 19.043 എം^{3} X 548/എം^{3} = ₹10,435 (ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് - 633.40/എം^{3})

2. പൊളിച്ച് മാറ്റിയ ഡിപ്പാർട്ട്മെന്റ് കല്ല് ഉപയോഗിച്ച് RR പ്രകാരം സംരക്ഷണ ഭിത്തി കെട്ടിയത് - 14.467 എം^{3} X 3394/എം^{3} = 49,101 (ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് - 3980.21/എം^{3})

3. RR പ്രകാരം പുതിയതായി സംരക്ഷണ ഭിത്തി കെട്ടിയത് - 6.417 എം^{3} X 5360/എം^{3} =34395 (ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് - 7617.30/എം^{3})

4. പുരുഷ കൂലി നൽകിയത് - 8 എണ്ണം X 791/e = 6328

5. സ്ലാബ് പണിയുന്നതിന് കമ്പിയുടെ വില നൽകിയത്- 88 Kg X 76.06/kg = 6693

ഓഡിറ്റ് പരാമർശങ്ങൾ.

1. ഈ പ്രവൃത്തിയിൽ DRസംരക്ഷണ ഭിത്തി പൊളിച്ച് മാറ്റുന്നതിന് നൽകാവുന്ന നിരക്ക് Item 2.7.D പ്രകാരം 400.95/എം^{3} ആണ്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

2. സാധാരണ റോഡിന്റെ സംരക്ഷണഭിത്തി പണിയുന്നത് DR പ്രകാരമാണ്. ഇതിന് നൽകേണ്ട നിരക്ക് ഡിപ്പാർട്ട്മെന്റ് കല്ല് ഉപയോഗിച്ച് DR പ്രകാരം സംരക്ഷണ ഭിത്തി കെട്ടുന്നതിന് ഒരു എം^{3} - ന് 1532.03/എം^{3} രൂപയും പുതിയതായി സംരക്ഷണ ഭിത്തി കെട്ടുന്നതിന് ഒരു എം^{3} - ന് 8.855 എം^{3} X 3637.27 രൂപയും മാത്രമാണ്. RR പ്രകാരം ചെയ്യാനുള്ള കാരണം വ്യക്തമല്ല.

3. സ്ലാബ് പണിയുന്നതിന് കമ്പിയുടെ വില നൽകിയത്- 88 Kg X 76.06/kg = 6693. എന്നാൽ ഇവിടെ സ്ലാബ് നിർമ്മിച്ചിട്ടില്ല. ഈ തുക അംഗീകരിക്കുന്നില്ല.

4. പുരുഷ കൂലി നൽകിയത് - 8 എണ്ണം X 791/e = 6328 രൂപ അംഗീകരിക്കുന്നില്ല. സ്ലാബ് ഒന്നും നിർമ്മിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 15/10-1-25- നുള്ള മറുപടിയിൽ DR സംരക്ഷണഭിത്തി പൊളിച്ച് മാറ്റുന്നതിന് ഐറ്റം നം. 2.7.B പ്രകാരം എസ്റ്റിമേറ്റ് നിരക്ക് 633.40/എം^{3} ആണ് എന്നും നിലവിലുണ്ടായിരുന്ന RR ഭിത്തിയുടെ തുടർ നിർമ്മാണമായിട്ടാണ് RR സംരക്ഷണഭിത്തി നിർമ്മിച്ചത് എന്നും നിലവിലുള്ള കെട്ട് പൊളിഞ്ഞ് പോയത് എടുത്ത് മാറ്റുന്നതിനും ഇവിടെയുണ്ടായിരുന്ന സ്ലാബുകൾ എടുത്ത് മാറ്റുന്നതിനുമാണ് പുരുഷകൂലി നൽകിയത് എന്നും കമ്പി ഉപയോഗിച്ചത് കോൺക്രീറ്റിംഗ് ബെൽറ്റിന് വേണ്ടിയാണ് എന്നും പറയുന്നു.

മറുപടി അംഗീകരിക്കാനാകില്ല. DR സംരക്ഷണഭിത്തി പൊളിച്ച് മാറ്റുന്നതിന് ഐറ്റം നം. 2.7.D പ്രകാരം എസ്റ്റിമേറ്റ് നിരക്ക് 400.96/എം^{3} ആണ്. അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

വ്യക്തമായ കാരണങ്ങൾ ഇല്ലാതെ സംരക്ഷണഭിത്തി RR പ്രകാരം ചെയ്യുന്നത് അംഗീകരിക്കാനാകില്ല. ചെയ്യേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതനുസരിച്ച് പ്രവൃത്തി ചെയ്യേണ്ടതാണ്. അല്ലാതെ പുരുഷകൂലി നൽകുന്നതും അംഗീകരിക്കാനാകില്ല. കമ്പി ഉപയോഗിച്ചത് കോൺക്രീറ്റിംഗ് ബെൽറ്റിന് വേണ്ടിയാണ് എന്നും മറുപടിയിൽ പറയുന്നു. എന്നാൽ ഇവിടെ കോൺക്രീറ്റിംഗ് ബെൽറ്റ് നിർമ്മിച്ചിട്ടില്ല.

മേൽ കാരണങ്ങളാൽ പുരുഷകൂലി നൽകിയതും കമ്പിയുടെ വില നൽകിയതുമായ തുക 13,021/- (6328+ 6693) രൂപ അംഗീകരിക്കുന്നില്ല. സംരക്ഷണഭിത്തി പൊളിച്ച് മാറ്റിയതിന് അധികം നൽകിയ തുകയും ഈടാക്കേണ്ടതാണ്. വ്യക്തമായ കാരണങ്ങൾ ഇല്ലാതെ സംരക്ഷണഭിത്തി RR പ്രകാരം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

3-3 പാതാളം പാലം സൈഡ് ഫെൻസിംഗ് - 3,99,839/- തടസ്സപ്പെടുത്തുന്നു. 19,497/- രൂപ നിരാകരിക്കുന്നു.

പ്രവൃത്തി	പാതാളം പാലം സൈഡ് ഫെൻസിംഗ് - വാർഡ് 3

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ഫണ്ട്	തനത് ഫണ്ട്
പ്രൊജക്റ്റ്	S 0264/24 (S 0199/23)
എസ്റ്റിമേറ്റ്	4,00,000/- (PAC- 6,12,847)
കരാറുകാരൻ	അബ്ദുൾ ജബ്ബാർ
ആകെ ചെലവ്	3,99,839/-രൂപ ബിൽ നം. 85, 28-7-23

പാതാളം പാലത്തിന്റെ പടിഞ്ഞാറ് വശം മാലിന്യം ഇടുന്നത് ഒഴിവാക്കുന്നതിന് വേണ്ടി 95 മീറ്റർ നീളത്തിൽ ഫെൻസിംഗ് നിർമ്മിക്കുകയാണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരമുള്ള ചില പ്രവൃത്തികൾ താഴെ കൊടുക്കുന്നു.

1. ഫെൻസിംഗ് (ഫേബ്രിക്) Od 316186/22-23) – 95 എം X 2.10എം = 199.50 എം^{2} X 977.58/എം^{2} = ₹1,95,027

2. ഫെൻസിംഗ് ചെയ്യുന്നതിന് ഫ്രെയിം ഉണ്ടാക്കിയത് - സ്ട്രക്ചറൽ സ്റ്റീൽ വർക്ക് (Od 316274/ 22-23) – 1296.72kg X 104.71/kg = ₹1,35,779

എംബുക്ക് പ്രകാരം ടി പ്രവൃത്തികൾ ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

1. ഫെൻസിംഗ് (ഫേബ്രിക്) - 95.60 എം X 2.1 എം = 200.76 എം^{2} (ബില്ല് പ്രകാരം എസ്റ്റിമേറ്റിൽ ലിമിറ്റ് ചെയ്ത് നൽകിയത് - 199.50 എം^{2} X 977.58/എം = 1,95,027)

2. ഫെൻസിംഗ് ചെയ്യുന്നതിന് സ്റ്റീൽ ഫ്രെയിം നൽകിയ തുക - 1296.72 Kg X 104.71 = ₹1,35,780

ഓഡിറ്റ് പരാമർശം

1. ഫെൻസിംഗ് (ഫേബ്രിക്) - DSR ഐറ്റം 60.70.1 പ്രകാരം നിരക്ക് നൽകാവുന്ന നിരക്ക്- 938/m2 ആണ്. എന്നാൽ ഒബ്സർവഡ് ഡാറ്റ (Od 316186/22-23) പ്രകാരം നല്കിയ നിരക്ക് 977.58/എം^{2} ആണ്. മാത്രമല്ല ഓഡിറ്റിലെ ഇനം അല്ല ഈ പ്രവൃത്തിക്ക് ഉപയോഗിച്ചത് എന്ന് കാണുന്നു. കൂടിയ നിരക്കാണ് നൽകിയിട്ടുള്ളത്.

2. സ്ട്രക്ചറൽ സ്റ്റീൽ വർക്ക് ഒബ്സർവഡ് ഡാറ്റ (Od 316274/ 22-23) പ്രകാരം നൽകിയ നിരക്ക് 104.71 / Kg ആണ്. ഇതിന് DAR ഐറ്റം 10.1 പ്രകാരം നൽകാവുന്ന നിരക്ക് 74.69/kg ആണ്.

3. ഫെൻസിംഗ് (ഫേബ്രിക്) - ന്റെ ഗുണ നിലവാരവും പരിശോധിക്കേണ്ടതാണ്.

ഈ പ്രവൃത്തിയുടെ സ്ഥല പരിശോധന നടത്തിയതിന്റെ വിവരം താഴെ കൊടുക്കുന്നു.
ഫെൻസിംഗിനായി ഉപയോഗിച്ചിരിക്കുന്നത് സാധാ കമ്പി ഉപയോഗിച്ച് നിർമ്മിച്ച ഒരു നെറ്റ് മാത്രമാണ്. ഇപ്രകാരം മുൻവർഷം ഇതുപോലെ നിർമ്മിച്ച നെറ്റ് എല്ലാം തുരുമ്പ് പിടിച്ച നിലയിലാണ്.

ഈ സ്ഥലം നേരിട്ട് കണ്ടത് പ്രകാരം എം ബുക്ക് പ്രകാരം നല്കിയ കമ്പിയുടെ തൂക്കവും കൂടുതലാണ്. എംബുക്ക് പ്രകാരം നൽകിയ തുക

1. 50 X 50 X 6 മില്ലിമീറ്റർ കമ്പി - 39 X 2.5 X 4.344/kg = 423.54 (+10%) കിലോ

2. 35 X 35 X 6 മില്ലിമീറ്റർ കമ്പി – 2 X 95.6 X 2.540/kg = 485.648 കിലോ

3. 32 X 6 മില്ലിമീറ്റർ കമ്പി - 152x 2 X 1.225 /Kg = 372.40 കിലോ

എന്നാൽ ഇതിൽ സീരിയൽ നം. 3 പ്രകാരം ഉപയോഗിച്ച - 32x6 മില്ലിമീറ്റർ കമ്പിയുടെ ശരിയായ തൂക്കം കണക്കാക്കിയിരിക്കുന്നത് 38 X 2 X 2 X 1.225 = 186.2 Kg മാത്രമാണ്. അധികം നൽകിയ തുക 186.2 Kg (372.40 - 186.2) X 104.71 = 19,497/- രൂപ

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/10-1-24 – നുള്ള മറുപടിയിൽ - സ്ട്രക്ചറൽ സ്റ്റീൽ വർക്കിനുള്ള ഡാറ്റയും ഫേബ്രിക് ഫെൻസിംഗിന് ആവശ്യമായ ഡാറ്റയും തയ്യാറാക്കിയത്

മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എന്നും ആയതിനാലാണ് - ഈ നിരക്ക് ലഭിച്ചത് എന്നാണ്. ഫെൻസിംഗ് ചെയ്തത് മുനിസിപ്പാലിറ്റിയുടെ മുൻ വർഷങ്ങളിൽ ഉപയോഗിച്ച അതേ മെറ്റീരിയൽ ഉപയോഗിച്ച തന്നെയാണ് ഈ വർഷവും ചെയ്തത് എന്നാണ്.

മറുപടി അംഗീകരിക്കാനാവില്ല. സ്ട്രക്ചറൽ സ്റ്റീൽ വർക്കിന് DAR പ്രകാരം ശരിയായ ഒരു ഡാറ്റ ഉള്ളപ്പോൾ ഒരു ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി നിരക്ക് കണക്കാക്കിയത് അംഗീകരിക്കാനാവില്ല. മാത്രമല്ല ഇവിടെ സ്ട്രക്ചറൽ സ്റ്റീൽ വർക്ക് ചെയ്തിരിക്കുന്നത് 2.1 മീറ്റർ ഉയരത്തിൽ 2.5 മീറ്റർ അകലത്തിൽ 39 എണ്ണം Steel Angle (50x50x 6 മില്ലിമീറ്റർ) ഉപയോഗിച്ച് പോസ്റ്റ് ഇട്ട് അതിന്റെ അടിയിലും മുകളിലും മാത്രം ക്രോസ് ചെയ്ത് Steel Angle (35x35x6 മില്ലിമീറ്റർ) ഇട്ടിരിക്കുന്നു. ആയതിനാൽ ഈ പ്രവൃത്തിക്ക് ആവശ്യമായ കൂലി മാത്രം കണക്കാക്കി ഡാറ്റ തയ്യാറാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

ഈ പ്രവൃത്തിയിൽ ഫേബ്രിക് ഫെൻസിംഗിന് OD 316186/22-23) – ചെയ്തതിന് -199.50 M2 X 977.58/m2 = 1,95,027 രൂപ നൽകിയിട്ടുണ്ട്. ഈ മെറ്റിരിയൽ നേരിട്ട് കണ്ടതിൽ DSR ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനം അല്ല ഇവിടെ ഉപയോഗിച്ചത് എന്ന് കാണുന്നു. ഇത് ലോക്കൽ മാർക്കറ്റിൽ നിന്ന് വാങ്ങിയതാണ് എന്നും കാണുന്നു. ആയതിനാൽ ഒരു പ്രവൃത്തിയുടെ ഡാറ്റ തയ്യാറാക്കിയപ്പോൾ ഡാറ്റ പ്രകാരമുള്ള മെറ്റിരിയൽ ലഭ്യമല്ലെങ്കിൽ അല്ലെങ്കിൽ അതിന്റെ ക്വാളിറ്റി അറിയില്ലെങ്കിൽ മാർക്കറ്റിൽ ലഭ്യമായ മെറ്റീരിയലിന്റെ വില കണക്കാക്കി ഡാറ്റ തയ്യാറാക്കേണ്ടതായിരുന്നു. ആയതിനാൽ ഈ പ്രവൃത്തിയിൽ ഉപയോഗിച്ച മെറ്റീരിയലിന്റെ മാർക്കറ്റ് നിരക്ക് കണക്കാക്കി ഡാറ്റ തയ്യാറാക്കേണ്ടതും അധികം നൽകിയ തുക ഈടാക്കേണ്ടതുമാണ്.

ഈ പ്രവൃത്തിയിൽ ഫ്രയും ജി.ഐ. പൈപ്പ് ഉപയോഗിച്ചും കൂടാതെ ഫെൻസിംഗ് ചെയ്തത് നൈലോൺ ഉപയോഗിച്ചും ആയിരുന്നെങ്കിൽ ഇത് കുറേ നാൾ കേട് കൂടാതെ ഇരിക്കുമായിരുന്നു എന്നും ഇപ്പോഴത്തെ ചിലവിന്റെ പകുതി തുകയും ചെയ്യാമായിരുന്നു എന്നും ഓഡിറ്റ് വിലയിരുത്തുന്നു. മറ്റ് പഞ്ചായത്തുകൾ ഫെൻസിംഗിനായി നൈലോൺ ഉപയോഗിക്കുന്നുണ്ട് എന്നും അറിയിക്കുന്നു.

ഈ പ്രവൃത്തിയുടെ ചെലവായ 3,99,839/-രൂപ തടസ്സപ്പെടുത്തുന്നു. അധികം നൽകിയ കമ്പിയുടെ വില 19,497/- രൂപ നിരാകരിക്കുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ, തീയതി
2023-24 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികകണക്കുകൾ പരിശോധിച്ചിട്ടുള്ളത്.		

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രൊജക്ടിന്റെ നം.	പ്രൊജക്ടിന്റെ പേര്	മുൻകൂർ നല്കിയ തുക ₹	ചെക്ക് നം.,/ UTR നം./തീയതി	ചെലവഴിച്ച തുക ₹	ചെലവഴിക്കാൻ അവ ശേഷിക്കുന്ന തുക ₹
KSEB	103/24	സ്ട്രീറ്റ് ലൈൻ	9,99,082/-	ബിൽ നം.	0	9,99,082/-

		ദീർഘിപ്പിക്കൽ	24024027090/ 24.01.24		

ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നല്കിയിട്ടില്ല.

4-5 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

4-6 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാതുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം.,തീയതി	വായ്പാതുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുണ്ടായിരുന്നത് (₹)	തൻവർഷം അടച്ചത്		വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത് (₹)
				മുതൽ (₹)	പലിശ (₹)	
HUDCO ഭവനനിർമ്മാണം	ജി.ഒ(എംഎസ്) 68/2018/ 18.05.18	1,30,00,000/-	1,04,13,333	8,66,667/-		95,46,666

മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാതുകയായി ₹1,04,13,333/- എന്നാണ് കാണിച്ചിട്ടുള്ളത്. തൻവർഷം ഈ തുകയാണ് റിപ്പോർട്ടിൽ മുന്നിരിപ്പ് ആയി രേഖപ്പെടുത്തിയിരിക്കുന്നത്.

4-7 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	₹2430321/-
പലിശ	₹63,353/-
തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
ആകെ	₹24,93,674/-
തൻവർഷം പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹24,93,674/-

വാർഷികധനകാര്യപത്രികയിൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപമായി ₹2575441/- എന്ന് തെറ്റായാണ് കാണിച്ചിരിക്കുന്നത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ

1) രസീത് നം. 511500087 / 22.05.23 Indian Oversees Bank, Udyogmandal	₹12,80,986/-
2)രസീത് നം. 511500145/ 30.06.22 Indian Oversees Bank, Udyogmandal	₹12,12,688/-
ആകെ	₹24,93,674/-

നഗരസഭയ്ക്ക് ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ 26.05.2014 ൽ നിക്ഷേപിച്ച ₹1000/- വീതമുള്ള 500 ഓഹരികളും 02.09.15 ൽ നിക്ഷേപിച്ച ₹1000/- വീതമുള്ള 2000 ഓഹരികളും ഉൾപ്പെടെ ആകെ ₹25,00,000/- നിക്ഷേപമുണ്ട്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഏലൂർ നഗരസഭ, പഞ്ചായത്തായിരുന്ന കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

1997-98	39	2001-02	10-21	ഗ്രാമ പഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിൽ 2ഏക്കർ 54 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്ന് വാങ്ങിയതിലെ അപാകതകൾ	പരാമർശം നില നിൽക്കുന്നു
പ്രവർത്തനാവലോകനം / വിഷയാധിഷ്ഠിത അവലോകനം / ലഘു അവലോകനം		2013-14	5.1.5, 5.1.6, 5.1.7	പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നില്ല.	നഗരസഭ മറുപടി ലഭ്യമാക്കി യിട്ടുണ്ട്
--"--	--"--	--"--	5.2.4(6), 5.2.5,	ഉച്ചഭക്ഷണ വിതരണം – അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം	--"--
--"--	--"--	--"--	5.3.5(1), (2)(6), (7)	ചെറുകിട പാരമ്പര്യ വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല.	--"--
--"--	--"--	--"--	6.1.2,5	പെർഫോമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല.	--"--
--"--	--"--	--"--	6.2	പൊതു മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ബസ് സ്റ്റാന്റ്, കമ്യൂണിറ്റി ഹാൾ – ലേലം, വാടക വരുമാനം	--"--
--"--	--"--	--"--	6.3	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണം	--"--
--"--	--"--	--"--	6.4.1	തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത.	--"--

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹16,46,32,161/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹15,89,10,252/-
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹79804/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹4615273/-

(ബി) നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	ചാർജ്ജ് ചെയ്യാവുന്നത്	സർചാർജ്ജ് ചെയ്യാവുന്നത്	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

3-1		47286	ശ്രീമതി ഷൈലജ കെ.പി., നഗരസഭാ എഞ്ചിനീയർ
3-2		13021	ശ്രീമതി ഷൈലജ കെ.പി., നഗരസഭാ എഞ്ചിനീയർ
3-3		19497	ശ്രീമതി ഷൈലജ കെ.പി., നഗരസഭാ എഞ്ചിനീയർ
ആകെ		₹79804/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

ഖണ്ഡിക നം.	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	1542077/-	ശ്രീമതി കൃഷ്ണകുമാരി പി.ബി, നഗരസഭ സെക്രട്ടറി
1-15	689683/-	ശ്രീമതി കൃഷ്ണകുമാരി പി.ബി, നഗരസഭ സെക്രട്ടറി
1-24	999082/-	ശ്രീമതി കൃഷ്ണകുമാരി പി.ബി, നഗരസഭ സെക്രട്ടറി
1-27	149691	ശ്രീ. സുഭാഷ് പി.കെ, നഗരസഭ സെക്രട്ടറി
1-31	161138	ശ്രീമതി ഷെറിൻ ജോസഫ്, പി.എച്ച്.ഐ(ഗ്രേഡ് II)
1-34	399839	ശ്രീമതി ഷൈലജ കെ.പി., നഗരസഭാ എഞ്ചിനീയർ
1-35	673763	ശ്രീമതി ഷൈലജ കെ.പി., നഗരസഭാ എഞ്ചിനീയർ
ആകെ	4615273/-	

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടം എന്നിവയ്ക്ക് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

പേര്	ഓഡിറ്റ് നടന്ന ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സുഭാഷ്.പി.കെ സെക്രട്ടറി	സെക്രട്ടറി തൃപ്പൂണിത്തുറ നഗരസഭ	പാലക്കുഴയിൽ, ബൈവലൂർ പുത്തൻകുരിശ്, എറണാകുളം
ശ്രീമതി കൃഷ്ണകുമാരി പി.ബി, നഗരസഭ സെക്രട്ടറി	സെക്രട്ടറി ഏലൂർ നഗരസഭ	കാഞ്ഞനപ്പറമ്പിൽ വീട് ചെറിയപഴംപിള്ളി തുരുത്ത്, ഗോതുരുത്ത്
ശ്രീമതി ഷെറിൻ ജോസഫ്, പി.എച്ച്.ഐ(ഗ്രേഡ് II)	ഏലൂർ നഗരസഭ	ഇലവത്തുങ്കൽ വീട്, പാറക്കടവ് പൂവത്തുശ്ശേരി, എറണാകുളം - 683579
ശ്രീമതി ഷൈലജ കെ.പി., നഗരസഭാ എഞ്ചിനീയർ	നഗരസഭാ എഞ്ചിനീയർ ഏലൂർ നഗരസഭ	ചിറ്റേറ്റുകുടിൽ വീട് പാനിപ്ര പി.ഒ കോതമംഗലം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം
1997-98	എൽഎഫ്ഇ(പി5)488/01/05.08.02
1998-99	എൽഎഫ്ഇ(പി5)242/02/21.03.02
1999-2000	എൽഎഫ്ഇ(പി5)709/03/05.12.03
2000-01	എൽഎഫ്ഇ(പി5)1338/03/11.02.04
2001-02	എൽഎഫ്ഇ(പി5)1458/ 03/11.02.04
2002-03	എൽഎഫ്ഇ(പി6)06/06 /10.03.06
2003-04	എൽഎഫ്ഇ(പി6)1670/07/25.02.08
2004-05	എൽഎഫ്ഇ(പി6)219/08/10.02.08
2005-06	എൽഎഫ്ഇ(പി6)239/08/10.02.08

2006-07	എൽഎഫ്ഇ(പി6)238/08/13.03.09
2007-08	എൽഎഫ്ഇ(പി6)132/10/20.10.10
2008-09	എൽഎഫ്ഇ(പി6)132(എ)/10/20.10.10
2009-10	എൽഎഫ്ഇ(പി6)1866/10/10.04.12
2010-11	എൽഎഫ്ഇ(പി6)862/12/22.06.12
2011-12	എൽഎഫ്ഇ(എം2)1334/14/27.08.14
2012-13	കെഎസ്എ- ഇകെഎം(എം2)1416/15/11.09.15
2013-14	കെഎസ്എ- ഇകെഎം(എം2)578/16/11.05.16
2014-15	കെഎസ്എ- ഇകെഎം(എം2)1264/16/03.08.16
2015-16	കെഎസ്എ ഇകെഎം(എം1)125/2017/06.02.17
2016-17	കെഎസ്എ-ഇകെഎം(എം1)1709/2017/06.10.17
2017-18	കെഎസ്എ -ഇകെഎം(എം2)21/2019/ 23.03.19
2018-19	കെഎസ്എഇകെഎം(എം2)1839/2019/13.01.20
2019-20	കെഎസ്എ -ഇകെഎം(എം2)1548/21/21.12.21
2020-21	കെഎസ്എ- ഇകെഎം(എം2)1073/22/07.07.22
2021-22	കെഎസ്എ- ഇകെഎം(എം2)1752/22/03.11.22
2022-23	കെഎസ്എ- ഇകെഎം(എം2)132/24/20.03.24

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 17-08-2024 and submitted on 19-08-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Eloor Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Eloor Municipality as on 31-03-2024

Date: 28/03/2025

Joint Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Eloor Municipality for the Year 2023-2024 .

1.Major Observations

1) The financial statements for the year ended on 31.03.2024 are subject to uncertainity to some extent, particularly regarding the position of assets and liabilities, due to the integration challenges encountered during the transition from Saankhya software to K-Smart application. The non- adaptibility issues related to porting of data from K-Smart to Saankhya are detailed in the audit report as separate paragraphs.

2.Other Observations

1) Saankhya -K-smart Integration which was made for preparing AFS does not assure the accuracy of entries.

2) Source document for verification of Property tax from 01.01.2024 is not available for audit in K-Smart application.

3) Asset creation should be accounted properly with supporting documents. Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.

4) Investment shown in Balance Sheet does not match with actual investment in Bank.

5) Cess Amount in B15 Schedule is not proportionate to property tax arrear amount.

6) Amount written off in prior period items should be supported by proper documents.

7) Basic ratios must be included in the annual financial statements.

8) Saankhya heads not assigned in respect of bank accounts of central funds like PMAY, NULM and Swachh Bharat.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്